2026 FEBRUARY 22

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com ne: 917 324 4907; 917 662 1122



## സൗഹൃദമാണ് സമ്പത്ത്

## സേവനമാണ് ലക്ഷ്യം

മാത്യു വർഗീസ്


A Love Written in Jewels
Joyalukkas
World's favourite jeweller
BE MINE
Heart to heart collection
VALENTINE'S SPECIAL OFFER
GET A $40 CASH BACK VOUCHER
on the purchase of diamond & precious stone jewellery worth USD 1,000 & more
GET A $75 CASH BACK VOUCHER
on the purchase of diamond & precious stone jewellery worth USD 1,750 & more
0% DEDUCTION ON OLD GOLD EXCHANGE
GET 100% VALUE ON DIAMOND EXCHANGE
OFFER VALID UNTIL 15TH FEBRUARY 2026
*T&C apply
ATLANTA
3155 Peachtree PKY, Suwanee, GA 30024, USA
Tel: +1 470 835 6136
NEW JERSEY
1665 Oak Tree Road, Suit #325, Edison, NJ 08820, USA
+1 732 515 9902
HOUSTON
5901 Hillcroft Avenue, #C7-A, Houston,
+1 713 784 2992
CHICAGO
2642 West Devon Avenue, Chicago, Illinois
+1 773 856 3013
DALLAS
7055 Preston Road, Frisco, TX 75034, USA
+1 972 292 9936
LOS ANGELES
18725 Pioneer BLVD, Artesia, CA 90701
(562) 202-4243
NAPERVILLE
1570 W. Ogden Ave, Units 106, Naperville, IL 60540
(331) 231-3300

# സൗഹൃദമാണ് സമ്പത്ത്, സേവനമാണ് ലക്ഷ്യം: മാത്യു വർഗീസ്



**മീട്ടു റഹ്മത്ത് കലാം**

അമേരിക്കൻ മലയാളി സംഘടനാ രംഗത്ത് നാല് പതിറ്റാണ്ടിലേറെ സജീവ സാന്നിധ്യമായ മാത്യു വർഗീസ് (ജോസ്ഫ്ലോറിഡ) ഇന്ന് ഫോമാ പ്രസിഡന്റായി മത്സരരംഗത്തുണ്ട്. വെണ്ണിക്കുളം സ്വദേശിയായ അദ്ദേഹം 1985-ൽ ന്യൂയോർക്കിൽ എത്തിയതുമുതൽ സംഘടനാരംഗത്തും മാധ്യമ, ചാരിറ്റി മേഖലകളിലും നിറസാന്നിധ്യമായി തുടരുന്നു. കേരള അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടണിലെ പ്രവർത്തനങ്ങളിൽ നിന്നാരംഭിച്ച യാത്ര, ഫൊക്കാനയിലെ നാഷണൽ ട്രഷറർ സ്ഥാനത്തേക്കും പിന്നീട് ഫോമയുടെ രൂപീകരണ ഘട്ടത്തിലെ പ്രധാന സാന്നിധ്യത്തിലേക്കും എത്തി.

ഫ്ലോറിഡയിലെ നവകേരള മലയാളി അസോസിയേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളായും പ്രസിഡന്റ്, ഉപദേഷ്ടാവ് എന്നീ നിലകളിലും സേവനം അനുഷ്ഠിച്ച അദ്ദേഹം, ഏഷ്യാനെറ്റ് യുഎസ്എ-യുടെയും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെയും പ്രവർത്തനങ്ങളിലൂടെ മാധ്യമരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു.

ഐക്യം, സുതാര്യത, ഉത്തരവാദിത്വം, വിശ്വാസം എന്ന നാല് മൂല്യങ്ങളെ മുൻനിർത്തിയാണ് "ടീം പ്രോമിസ്" എന്ന പാനലുമായി അദ്ദേഹം ഫോമാ നേതൃത്വത്തിലേക്ക് മത്സരിക്കുന്നത്. സംഘടനയുടെ ഭാവി, യുവജനവനിതാ ശക്തീകരണം, ചാരിറ്റി പ്രവർത്തനങ്ങളുടെ വ്യാപനം, അക്കൗണ്ടബിലിറ്റി എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയാണ് അദ്ദേഹം ഈ അഭിമുഖത്തിലൂടെ...

## സംഘടനാപ്രവർത്തനത്തിന്റെ തുടക്കം?

തിരുവല്ലയ്ക്കടുത്ത് വെണ്ണിക്കുളം സ്വദേശിയാണ് ഞാൻ. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്നു. കെ.എസ്.സി (കേരള സ്റ്റുഡൻസ് കോൺഗ്രസ്) ആലപ്പുഴ ജില്ലാ സെക്രട്ടറിയായിട്ടാണ് പ്രവർത്തിച്ചത്. 1985-ൽ റോച്ചസ്റ്റർ, ന്യൂയോർക്കിൽ എത്തി. 1986-ൽ വാഷിങ്ടണിലേക്ക് മാറി. അവിടെ കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടൺ (കെഎജിഡബ്ല്യു) ട്രഷററായി പ്രവർത്തിച്ചു. അന്ന് 25 വയസ്സേ ഉണ്ടായിരുന്നുള്ളു. തുടർന്ന് ഫ്ലോറിഡയിലേക്ക് മാറി. നവകേരള ആർട്സ് ക്ലബ്ബിന്റെ രൂപീകരണത്തിൽ ചുക്കാൻ പിടിച്ചു. സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ നവകേരളയുടെ അഡ്വൈസറി ബോർഡ് ചെയറാണ്. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാലാമത്തെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഞാനൊരു ഓർത്തോഡോക്സ് സഭാംഗമാണ്. പള്ളിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും സജീവമാണ്.



## പ്രൊഫഷണൽ ജീവിതം ?

1991-ൽ ഒരു ഫാർമസി ചെയിനിൽ മാനേജരായി ഫ്ലോറിഡയിലേക്ക് മാറിയതോടെയാണ് ഫ്ലോറിഡ എന്റെ പ്രവർത്തനമേഖലയായത്. ഒന്നര പതിറ്റാണ്ടിലേറെ ഫാർമസി രംഗത്ത് സേവനം ചെയ്തു. പിന്നീട് സ്വന്തമായി ബിസിനസിലേക്ക് തിരിഞ്ഞു. 7-11 ഫ്രാഞ്ചൈസിയുടെ ഭാഗമായ ഗ്യാസ് സ്റ്റേഷനും കൺവീനിയൻസ് സ്റ്റോറും നടത്തുകയാണ് ഇപ്പോൾ.

## നവകേരളയിലെ പ്രവർത്തനങ്ങൾ?

നാട്ടിലും ഇവിടെയുമായി നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തി. ഫോമാ ആർസിസി പ്രൊജക്ടിൽ സഹകരിച്ചത് ഏറെ സംതൃപ്തി നൽകിയ അനുഭവമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനത്തിൽ സമർത്ഥയായ വിദ്യാർത്ഥിനിക്ക് വീട് നിർമിച്ച് നൽകിയതുപോലുള്ള പ്രവർത്തനങ്ങൾ വലിയ സന്തോഷം നൽകുന്നു.

## ഫോമായുമായുള്ള ബന്ധം?

2004-ൽ അവിഭക്ത ഫൊക്കാനയിൽ നാഷണൽ ട്രഷററായി മത്സരിച്ച് വിജയിച്ചു. 2006-ലെ ഓർലാൻഡോ കൺവൻഷനോടെ ഫോമാ രൂപം കൊണ്ടപ്പോൾ അതിന്റെ ശക്തമായ വക്താക്കളിൽ ഒരാളായി. മയാമി കൺവെൻഷന്റെ ചെയർമാനായും രണ്ടു വർഷം ഫോമായുടെ പിആർഓ ആയിരുന്നു. ഫോമാ രൂപീകരണത്തിലും വളർച്ചയിലും ഭാഗമാകാൻ കഴിഞ്ഞത് അഭിമാനകരമാണ്.




# TEAM PROMISE HONORING LEADERSHIP, INSPIRED BY SERVICE, BUILT ON TRUST, HONESTY, ACCOUNTABILITY, AND TRANSPARENCY

### ഫോമായുടെ ഇന്നത്തെ സ്ഥിതിഗതികൾ എങ്ങനെ വിലയിരുത്തുന്നു?

വർഷങ്ങളിലൂടെ ഫോമാ കൈവരിച്ച നേട്ടങ്ങളിൽ അഭിമാനമുണ്ട്. എന്നാൽ സംഘടനയ്ക്ക് ഇനിയും ഏറെ മുന്നേറാനുണ്ട്. ഐക്യമാണ് പ്രധാനം. ഭാരവാഹികൾ തമ്മിലും അംഗസംഘടനകളുമായും ഊഷ്മള ബന്ധം നിലനിൽക്കണം. ഐക്യം ഇല്ലെങ്കിൽ വലിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കില്ല. അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് നമ്മുടെ പുതുതലമുറയെ ചേർത്തു നിർത്താൻ ഫോമാ പോലുള്ള സംഘടനകൾക്ക് സാധിക്കും. സ്ത്രീകളുടെ ഉന്നമനത്തെക്കുറിച്ച് പ്രസംഗിക്കുന്നതിനപ്പുറമായി വലിയ സ്ഥാനങ്ങളിൽ അവർ എത്തുന്നതിനും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും അവർക്ക് പിന്തുണ നൽകാനും ഉദ്ദേശമുണ്ട്. നൂറിനടുത്ത് അംഗസംഘടനകളുള്ള ഫോമായുടെ ഭരണസമിതിയിലേക്ക് പുതിയ ആളുകൾ കടന്നുവരണം. ഒരിക്കൽ സ്ഥാനം വഹിച്ചിട്ടുള്ളവർ മറ്റുള്ളവർ കടന്നുവരാൻ വഴിയൊരുക്കണം. തുടർച്ചയായി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഭാഗമാകുന്നതിനോട് താല്പര്യമില്ല.

### സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ ഏത് ദിശയിൽ ആയിരിക്കണം?

ഇന്ന് നാട്ടിലേതുപോലെ ഇവിടെയും പ്രശ്നങ്ങൾ വർദ്ധിക്കുന്നു. മാനസികാരോഗ്യ പ്രശ്നങ്ങൾ, നിയമസഹായം, അടിയന്തര പിന്തുണ ഇങ്ങനെ പലതും ആവശ്യമുള്ള കുടുംബങ്ങൾ ഉണ്ട്. അവരെ കണ്ടില്ലെന്നു നടിക്കാനാവില്ല. സഹായവും കൗൺസലിംഗും കരുതലും നൽകുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. ഇതിനായി ഒരു ഹെല്പ് ലൈൻ നമ്പർ തുടങ്ങാനും ആഗ്രഹിക്കുന്നു. അതോടൊപ്പം പ്രവർത്തനത്തിലും കണക്കിലും സുതാര്യതയും അക്കൗണ്ടബിലിറ്റിയും നിർണായകമാണ്.

### മാധ്യമരംഗത്തെ അനുഭവം സംഘടനയ്ക്ക് എങ്ങനെ പ്രയോജനപ്പെടും?

ഏഷ്യാനെറ്റ് യുഎസ്എ-യുടെ ഓപ്പറേഷൻസ് മാനേജരായി പ്രവർത്തിച്ചിട്ടുണ്ട്.

അതുപോലെ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. വലിയ കൺവൻഷനുകൾ വിജയകരമായി സംഘടിപ്പിച്ച അനുഭവം ഉണ്ട്. മലയാളത്തിലെ പ്രമുഖ നടീനടന്മാരെയും പ്രശസ്തരായ ഗായകരെയും പങ്കെടുപ്പിച്ചുകൊണ്ട് 14 സ്റ്റേജ് ഷോകൾ അമേരിക്കയിലും കാനഡയിലും നടത്തുന്നതിന് നേതൃത്വം നൽകി. സംഘാടനത്തിലുള്ള എന്റെ കഴിവ് പൂർണമായും ഫോമായുടെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്താൻ ശ്രമിക്കും.

### മത്സരരംഗത്തിറങ്ങാൻ പ്രേരണയായത്?

നിരവധി സുഹൃത്തുക്കളുടെയും സംഘടനകളുടെയും അഭ്യർത്ഥനയെത്തുടർന്നാണ് തീരുമാനിച്ചത്. എന്നോടൊപ്പം പ്രവർത്തിക്കാൻ സമയവും താല്പര്യവും ഉള്ള ഒരു മികച്ച ടീം വേണം എന്ന് ആദ്യമേ ഉറപ്പിച്ചിരുന്നു. അല്ലാത്തവരെക്കൊണ്ട് കാര്യമില്ല. വിവിധ സംഘടനകളുടെ പിന്തുണ ഇതിനകം ഉറപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവർക്കുവേണ്ടി മാറ്റിവയ്ക്കാൻ സമയം ഉണ്ടെന്ന ബോധ്യം വന്ന ശേഷമാണ് സ്ഥാനാർത്ഥിത്വത്തെ കുറിച്ച് ആലോചിച്ചത്. നിലവിൽ ചെയ്യുന്ന ചാരിറ്റി പ്രവർത്തനങ്ങൾ കുറച്ചുകൂടി വിപുലമായ രീതിയിൽ ചെയ്യാനാകും എന്നതാണ് ഫോമാ പോലൊരു പ്രസ്ഥാനത്തിന്റെ ഭരണസമിതിയിൽ കടക്കുമ്പോഴുള്ള മെച്ചം.

### 'ടീം പ്രോമിസ്' മുന്നോട്ടുവയ്ക്കുന്ന ആശയം ?

വിശ്വാസം, സത്യസന്ധത, ഉത്തരവാദിത്വം, സുതാര്യത ഈ നാലു മൂല്യങ്ങളാണ് ടീം പ്രോമിസിന്റെ അടിത്തറ. നെഗറ്റീവ് രാഷ്ട്രീയം ഞങ്ങളുടെ അജണ്ടയല്ല. ചെയ്യാൻ കഴിയുന്നതു മാത്രമേ ഞങ്ങൾ പറയൂ. വാക്കുകൾക്കല്ല, പ്രവർത്തിക്കാണ് വില.

### പാനലിലെ മറ്റ് അംഗങ്ങളെക്കുറിച്ച്?

'സമ്മർ ടു കേരള' ഉൾപ്പെടെ ഏല്പിക്കുന്ന എല്ലാക്കാര്യങ്ങളിലും നൂറുശതമാനം ആത്മാർഥത പുലർത്തുന്ന വ്യക്തി എന്ന നിലയിലാണ് മാപ്പിന്റെ മുൻ പ്രസിഡന്റ് കൂടിയായ അനു സ്കറിയയെ(ഫിലാഡൽഫിയ) ശ്രദ്ധിക്കുന്നതും എന്റെ പാനലിൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കാൻ ക്ഷണിക്കുന്നതും. മറ്റ് അംഗങ്ങളെയും തിരഞ്ഞെടുത്തത് ഇതേ മാനദണ്ഡം വച്ചുകൊണ്ടാണ്. ഡാളസിൽ നിന്നുള്ള രേഷ്മ രഞ്ജൻ എഴുത്തുകാരിയും മുൻ ഫോമാ വിമൻസ് ഫോറം സെക്രട്ടറിയുമാണ്. ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്കാണ് അവർ മത്സരിക്കുന്നത്. സ്റ്റാറ്റൻ ഐലൻഡ് മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റ് ബിനോയ് തോമസാണ് ട്രഷറർ സ്ഥാനാർത്ഥി. അദ്ദേഹം ന്യൂയോർക്ക് മെട്രോ റീജിയന്റെ നാഷണൽ കമ്മിറ്റി മെമ്പറും ആർ വി പിയും ആയിരുന്നു. കോവിഡ് സമയത്തെ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് ഏറ്റവും നല്ല റീജിയന്റെ ആർ വി പി എന്നുള്ള ബഹുമതി കിട്ടിയ ആളാണ്. വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ജോൺസൺ ജോസഫ് കാലിഫോർണിയയിൽ നിന്നാണ്. ലോസ് ആഞ്ചലസിലെ ഒരുമ എന്ന സംഘടനയുടെ ഇപ്പോഴത്തെ പ്രസിഡണ്ടും

**വിശ്വാസം, സത്യസന്ധത, ഉത്തരവാദിത്വം, സുതാര്യത ഈ നാലു മൂല്യങ്ങളാണ് ടീം പ്രോമിസിന്റെ അടിത്തറ. നെഗറ്റീവ് രാഷ്ട്രീയം ഞങ്ങളുടെ അജണ്ടയല്ല. ചെയ്യാൻ കഴിയുന്നതു മാത്രമേ ഞങ്ങൾ പറയൂ. വാക്കുകൾക്കല്ല, പ്രവർത്തിക്കാണ് വില.**






റീജിയന്റെ ആർ വി പി യുമാണ് അദ്ദേഹം. ലാസ് വേഗാസിൽ സംഘടിപ്പിച്ച ബിസിനസ് സമ്മിറ്റ് ശ്രദ്ധേയമായിരുന്നു. ചാരിറ്റി രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന വ്യക്തിയാണ് അദ്ദേഹം. ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി ടിറ്റോ ജോൺ മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ലോറിഡയുടെ മുൻ സെക്രട്ടറിയും നിലവിലെ നാഷണൽ കമ്മിറ്റി അംഗവുമാണ്. ഫോമായുടെ യൂത്ത് ഗ്രൂപ്പിൽ യൂത്ത് റിപ്പ്രസെന്റേറ്റീവായി തുടക്കം കുറിക്കുകയും മയാമിയിൽ നടന്ന കൺവെൻഷനിൽ യൂത്ത് ചെയറായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ചെറുപ്പം മുതലേ ഫോമായിൽ സജീവമായ പങ്കാളിത്തം പുലർത്തിയ വ്യക്തിയാണ് അദ്ദേഹം.

## കുടുംബത്തിന്റെ പിന്തുണ?

ഭാര്യ ആശ ഇവിടെ ഒരു കൗണ്ടി ഹോസ്പിറ്റലിൽ നേഴ്സ് മാനേജർ ആണ്. മകൾ നിക്കി ഒക്യുപേഷണൽ തെറാപ്പിയുടെ ഡോക്ടറേറ്റ് പ്രോഗ്രാം എടുത്ത് ജോലി ചെയ്യുന്നു. മരുമകൻ അനീഷ് ഇവിടുത്തെ ലീഡിങ് ഫേമിലെ അറ്റോണിയാണ്. മകൻ നിതീഷ് ഡെന്റൽ ഡോക്ടറാണ്. മരുമകൾ സോണിയ കോളേജിൽ പഠിക്കുന്നു. മൂന്ന് കൊച്ചുമക്കൾ: ലിയാന,മിയ,ജൂലിയ. കുടുംബത്തിന്റെ പിന്തുണ ഇല്ലാതെ ഒന്നും സാധിക്കില്ല. ഫാമിലി മീറ്റിംഗ് കൂടി ചർച്ച ചെയ്ത് എല്ലാവരുടെയും സമ്മതത്തോടെയാണ് മത്സരിക്കാൻ തീരുമാനമെടുത്തത്.

## വോട്ടർമാരോട് പറയാനുള്ളത്?

ഫോമായെ അഭിമാനത്തോടെ അടുത്ത തലമുറയ്ക്ക് കൈമാറാവുന്ന ശക്തമായ പ്രസ്ഥാനമാക്കുകയാണ് എന്റെ ലക്ഷ്യം. അമേരിക്കയിലും കാനഡയിലും കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ നേടിയ ഏറ്റവും വലിയ സമ്പത്ത് വിശ്വാസവും സൗഹൃദബന്ധങ്ങളുമാണ്. ആ ബന്ധങ്ങൾ വഴി നാട്ടിലോ ഇവിടെയോ നല്ല പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന ഓരോ അവസരവും വലിയ സന്തോഷവും ആത്മതൃപ്തിയും നൽകുന്നു. വ്യക്തിപരമായി പ്രവർത്തിക്കുമ്പോൾ സാധ്യതകൾക്ക് പരിധിയുണ്ടാകാം; എന്നാൽ സംഘടനയുടെ വേദിയിൽ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ അതിന്റെ വ്യാപ്തിയും പ്രഭാവവും നിരവധി മടങ്ങ് വർധിപ്പിക്കാൻ കഴിയും. അതുകൊണ്ടുതന്നെയാണ് കൂടുതൽ ഉത്തരവാദിത്വത്തോടെ ഈ രംഗത്തേക്ക് വരാൻ തീരുമാനിച്ചത്. നിങ്ങളുടെ വിശ്വാസവും പിന്തുണയും വിനീതമായി അഭ്യർത്ഥിക്കുന്നു.


Heart to Heart
JEWELLERY COLLECTION
225+ DESIGNS
STARTING FROM USD 310
*T&C Apply
FREE WATCH
Calvin Klein
ANNE KLEIN
*On purchase of diamond Heart to Heart jewellery collection
Offer valid till 15th February 2026
KNOW MORE
MALABAR
GOLD & DIAMONDS

2026 FEBRUARY 22

emalayalee.com

The Weekly

WEEKLY NEWSPAPER


Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# സുവർണ ജൂബിലി നിറവിൽ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ



# 50th anniversary

# സുവർണ ജൂബിലി നിറവിൽ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ



ന്യൂയോർക്ക് : യാക്കോബായ സഭയുടെ അമേരിക്കൻ അതിഭദ്രാസനത്തിലെ സീനിയർ വൈദികനായ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പായുടെ പുരോഹിത ജീവിതത്തിന് 2026 ഫെബ്രുവരി 24-ന് അമ്പത് വർഷം പൂർത്തിയാകുന്നു. 1976 മുതൽ 2026 വരെ നീളുന്ന ഈ അമ്പത് വർഷങ്ങൾ ഒരു സാധാരണ സേവനയാത്രയല്ല, വിശ്വാസത്തിൽ ഉറച്ചു നിന്ന ആത്മീയ സാക്ഷ്യത്തിന്റെ ദീപസ്തംഭമാണ്.

അജപാലനത്തിന്റെ പ്രഭാപൂരിത രജതരേഖയാണ് അദ്ദേഹത്തിന്റെ ജീവിതയാത്ര.

ദൈവവിളിയോടെ ആരംഭിച്ച ഈ പുരോഹിതജീവിതം സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി മാറിയ അമ്പത് വർഷങ്ങളുടെ പ്രഭാപൂരിത സാക്ഷ്യമായി വിശ്വാസികൾ നന്ദിയോടെ സ്മരിക്കുന്നു.

അമേരിക്കൻ അതിഭദ്രാസനത്തിൽ അഭിവന്ദ്യ യെൽദൊ മോർ തീത്തോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ വിവിധ ആത്മീയ-ഭരണപര പ്രവർത്തനങ്ങളിൽ ചട്ടത്തിൽ അച്ചന്റെ സമർപ്പിത സേവനം ശ്രദ്ധേയമായ പങ്കുവഹിച്ചു. അതിന് മുൻപ് കോട്ടയം ഭദ്രാസനത്തിലെ വിവിധ ഇടവകകളിലും പൊതുമണ്ഡലങ്ങളിലും




സജീവ സാന്നിധ്യമായിരുന്നു.

1952 ആഗസ്റ്റ് 9-ന് കുമരകത്ത് നെല്ലാനിക്കൽ കുടുംബത്തിൽ പരേതനായ തോമസ് വർഗീസിന്റെയും വാകത്താനം പ്ലാപ്പറമ്പിൽ കുടുംബത്തിൽപ്പെട്ട വള്ളാംകടവിൽ പരേതയായ അച്ചാമ്മ തോമസിന്റെയും മൂത്ത പുത്രനായി ജനിച്ചു. 1974 നവംബർ 25-ന് പുണ്യശ്ലോകനായ പെരുമ്പിള്ളി തിരുമേനിയിൽ നിന്നും ശെമ്മാശ പട്ടം സ്വീകരിച്ചു. 1975 നവംബർ 2-ന് യൗപതിയാകീനോ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1976 ഫെബ്രുവരി 22-ന് തിരുമേനിയുടെ തൃക്കരങ്ങളാൽ പൂർണ്ണ ശെമ്മാശനായി . മലങ്കര സഭയുടെ മഹാനായ ദിവ്യസാക്ഷിയും ആത്മീയ പ്രഭയായ പുണ്യശ്ലോകനായ പെരുമ്പള്ളീ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നാണ് തിരുവചന ശുശ്രൂഷയുടെ എല്ലാ തലത്തിലുമുള്ള മഹത്വപൂർണ്ണ തുടക്കം ലഭിച്ചത്.

പെരുമ്പള്ളീ വൈദീക സെമിനാരിയുടെ പ്രഥമ പ്രിൻസിപ്പലായിരുന്ന പാറേക്കുളത്തു യാക്കോബ് മാർ തീമോത്തിയോസ് തിരുമേനിയുടെ വിശ്വാസപരമായ ദൃഢതയിലും ശുശ്രൂഷാഭാവത്തിലും വളർന്നു വന്ന വിശ്വസ്ത ശിഷ്യനായിരുന്നു വന്ദ്യ ചട്ടത്തിൽ അച്ചൻ. തിരുമേനിയുടെ ആചാരാനുഷ്ഠാനങ്ങളിൽ നിന്നുള്ള ശുദ്ധമായ വൈദീക പാരമ്പര്യവും അജപാലന ദർശനവും അദ്ദേഹത്തിന്റെ പുരോഹിതജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു.

1976 ഫെബ്രുവരി 16-ന് പേരൂർ താഴത്തേടത്തായ കാനാട്ടു തുണ്ടത്തിൽ പരേതനായ കോര ഉലഹന്നാന്റെയും നീലിമംഗലത്ത് മഠത്തേട്ടു കുടുംബത്തിൽ പരേതയായ ശോശാമ്മയുടെയും പുത്രി ലില്ലിക്കുട്ടിയെ വിവാഹം ചെയ്തു. തുടർന്ന് 1976 ഫെബ്രുവരി 24-ന് തൃക്കോതമംഗലം സെന്റ് മേരീസ് ബേതലഹേം പള്ളിയിൽ വെച്ച് പെരുമ്പള്ളി ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും കശീശ പട്ടം സ്വീകരിച്ചു. അന്നാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക പുരോഹിതജീവിതം ആരംഭിച്ചത്.





അമേരിക്കയിലേക്ക് കുടിയേറുന്നതിന് മുൻപ് കോട്ടയം ഭദ്രാസനത്തിൽ കൗൺസിൽ അംഗമായും വൈദീക സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. ഭരണപരമായും ആത്മീയപരമായും വലിയ ഉത്തരവാദിത്വങ്ങളാണ് അദ്ദേഹം വഹിച്ചത് . സഭാ സേവനത്തോടൊപ്പം സാമൂഹ്യ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായിരുന്നു. തൃക്കോതമംഗലം പെരുവേലിപ്പാലം നെല്ലിക്കക്കുന്ന് റോഡ് നിർമ്മാണ കമ്മിറ്റിയുടെ കൺവീനറായി പ്രവർത്തിക്കുകയും തൃക്കോതമംഗലം ഗവ. ഹൈസ്കൂളിന്റെ പി ടി എ പ്രസിഡന്റായി ദീർഘകാലം സേവനം അനുഷ്ഠിക്കുകയും ചെയ്തു. തൃക്കോതമംഗലം സെന്റ് മേരീസ് ബേതലഹേം പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിച്ചു. മദ്രാസ് അണ്ണാനഗർ സെന്റ് തോമസ് പള്ളിയുടെ ആരാധനയും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുവാൻ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ചുമതലപ്പെടുത്തി. വിശ്വസ്തതയോടും ആത്മാർത്ഥതയോടും സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയുടെ തെളിവുകളാണ് ഇവ.

അമേരിക്കയിൽ കുടിയേറിയ ശേഷവും നിസ്തുലമായ സഭാ സേവനം തുടർന്നു. ഭദ്രാസന കൗൺസിൽ അംഗമായും ഭദ്രാസന വൈദീക സെക്രട്ടറിയായും അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി വൈസ് പ്രസിഡന്റ് തുടങ്ങിയ ചുമതലകൾ വഹിച്ചു. അന്ത്യോഖ്യാ സത്യവിശ്വാസത്തിൽ ഉറച്ചു നിന്നു സഭയുടെ ഐക്യത്തിനും ആത്മീയ പാരമ്പര്യ സംരക്ഷണത്തിനുമായി ശക്തമായി നിലകൊണ്ടു.

ദീർഘകാല ആത്മാർത്ഥ സേവനത്തിന്റെ അംഗീകാരമായി, പരിശുദ്ധ പാത്രിയാർക്കിസ് മോറൻ മോർ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ ബാവായുടെ കല്പനയാൽ അമേരിക്കൻ അതിഭദ്രാസനാധിപനും പാത്രിയാർക്കൽ വികാരിയുമായ അഭിവന്ദ്യ ആർച്ച്ബിഷപ്പ് യൽദോ മോർ തീത്തോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ 2011 സെപ്റ്റംബർ 24-ന് വെസ്റ്റ് നയാക് സെന്റ് മേരീസ് പള്ളിയിൽ വെച്ച് കോർ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

എളനാട് സെന്റ് മേരീസ്, വട്ടുള്ളി സെന്റ് ജോർജ്, പാമ്പാടി ഈസ്റ്റ് മർത്തമറിയം ചെറിയപള്ളി ,നാലുന്നാക്കൽ സെന്റ് ആദ്ദായിസ്, കുറിച്ചി സെന്റ് മേരീസ് പുത്തൻപള്ളി,


**അമ്പത് വർഷം ദൈവവിളിയോട് നിഷ്ഠയോടെ ജീവിച്ച ഈ പുരോഹിത ജീവിതം സേവനം മാത്രമല്ല, വിശ്വാസത്തിന്റെ സാക്ഷ്യമാണ്. സഭയോടും അന്ത്യോഖ്യാ സത്യവിശ്വാസത്തോടും അചഞ്ചലമായ വിശ്വസ്തത പുലർത്തിയ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പായുടെ ജീവിതം ഇന്നത്തെ തലമുറയ്ക്ക് പ്രചോദനമാണ്.**

വടവാതൂർ മാർ അപ്രേം, വെള്ളൂർ സെന്റ് സൈമൺസ്, പങ്ങട സെന്റ് മേരീസ്, മീനടം സെന്റ് ജോൺസ്, മീനടം സെന്റ് ഇഗ്നാത്തിയോസ്, വാഴൂർ സെന്റ് ജോർജ്, കോരുത്തോട് സെന്റ് മേരീസ്, വാകത്താനം സെന്റ് ഇഗ്നാത്തിയോസ്, തൃക്കേതമംഗലം സെന്റ് മേരീസ് ബേതലഹേം, കുമരകം ആറ്റാമംഗലം, പാണംപടി സെന്റ് മേരീസ്, നട്ടാശ്ശേരി പൊൻപള്ളി, മദ്രാസ് അണ്ണാനഗർ സെന്റ് തോമസ്, പാറമ്പുഴ സെന്റ് സ്റ്റീഫൻസ്, പള്ളം സെന്റ് ഇഗ്നാത്തിയോസ്, ഇല്ലിക്കൽ സെന്റ് മേരീസ് ചാപ്പൽ എന്നിവിടങ്ങളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചതിനു ശേഷം അമേരിക്കയിൽ

ആൽബനി സെന്റ് മേരീസ്, വെസ്റ്റ് നയാക് സെന്റ് മേരീസ്, സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോൺസ്, വൈറ്റ് പ്ലെയിൻസ് സെന്റ് മേരീസ്, വാണക്യൂ സെന്റ് ജെയിംസ് , യോങ്കേഴ്സ് സെന്റ് ജോൺസ് എന്നീ പള്ളികളിൽ വികാരിയായി ആത്മീയ നേതൃത്വം നൽകി.

ദീർഘകാലമായി ന്യൂസിറ്റി സെന്റ് ജോർജ് ദേവാലയത്തിന്റെ വികാരിയായും, നാന്യുവറ്റ് സെന്റ് ജോർജ് ദേവാലയത്തിന്റെ സഹവികാരിയുമായും നിലവിൽ ആത്മീയ ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹത്തിന്റെ കുടുംബജീവിതം ദൈവാനുഗ്രഹത്തിന്റെ വസന്തകാലംപോലെ സമൃദ്ധവും സന്തോഷഭരിതവുമാണ്. സഹധർമിണിയായ ലില്ലിക്കുട്ടി അമ്മായിയോടൊപ്പം മക്കളായ ജോബി വർഗീസും ലേഖ വർഗീസും ജീവിതയാത്രയിലെ അഭിമാനവും ആശ്വാസവുമാണ്. മരുമക്കളായ സബി വർഗീസും



ലിനു ജോബിയും കൂടാതെ കൊച്ചുമക്കളായ ലിയാ, ജോഷ്വാ, അലൈനാ,നേഥൻ എന്നിവർ കുടുംബത്തിന്റെ സന്തോഷപുഷ്പങ്ങളായി പുതുതലമുറയുടെ പ്രത്യാശയായി വളരുന്നു.

ന്യൂയോർക്കിലെ ആൽബനിയിലുള്ള സഹോദരന്മാരായ കുര്യൻ തോമസ് ചട്ടത്തിൽ, പീറ്റർ എൻ. തോമസ് ചട്ടത്തിൽ (മനോജ്) എന്നിവരും സഹോദരിയായ സൂസമ്മ മാത്യുവും കുടുംബ ഐക്യത്തിന്റെ ശക്തമായ തൂണുകളാണ്.

**സ്വർണ്ണ ജൂബിലി ആഘോഷം ഏപ്രിൽ 18, 2026**

2026 ഏപ്രിൽ 18-ന് ന്യൂയോർക്കിൽ മെത്രാപ്പോലീത്തമാരുടെയും വൈദികരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ സ്വർണ്ണ ജൂബിലി ആഘോഷം നടക്കും. അമേരിക്കൻ അതിഭദ്രാസനാധിപനും പാത്രിയാർക്കൽ വികാരിയുമായ യൽദോ മാർ തീത്തോസ് തിരുമേനിയുടെ നേതൃത്വത്തിൽ സിറിയൻ ഭദ്രാസനത്തിന്റെ ഈസ്റ്റേൺ യുണൈറ്റഡ് സ്റ്റേറ്റ്സിനായുള്ള പാത്രിയാർക്കൽ വികാരിയായ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മോർ ഡയോണീസിയസ് ജോൺ കവാക് തിരുമേനി ,ക്നാനായ അതിഭദ്രാസനത്തിലെ ആയൂബ് മാർ സിൽവാനോസും ചടങ്ങിൽ പങ്കെടുക്കും. വിവിധ മേഖലകളിലെ പ്രമുഖരും വിശ്വാസികളും സാക്ഷികളാകും.

അത് അച്ചന്റെ അൻപത് വർഷത്തെ സമർപ്പിത പരോഹിത്യ സേവനത്തിനുള്ള ആദരവും നന്ദിപ്രകടനവുമാണ്.

അമ്പത് വർഷം ദൈവവിളിയോട് നിഷ്ഠയോടെ ജീവിച്ച ഈ പുരോഹിത ജീവിതം സേവനം മാത്രമല്ല, വിശ്വാസത്തിന്റെ സാക്ഷ്യമാണ്. സഭയോടും അന്ത്യോഖ്യാ സത്യവിശ്വാസത്തോടും അചഞ്ചലമായ വിശ്വസ്തത പുലർത്തിയ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പായുടെ ജീവിതം ഇന്നത്തെ തലമുറയ്ക്ക് പ്രചോദനമാണ്.

ദൈവം അദ്ദേഹത്തിന് ആരോഗ്യവും സമാധാനവും കൂടുതൽ വർഷങ്ങളുടെ അനുഗ്രഹീത സേവനവും നല്കട്ടെ എന്നതാണ് വിശ്വാസികളുടെ പ്രാർത്ഥന.

*തയാറാക്കിയത് : ജിനു കുര്യൻ പാമ്പാടി*

# ധന്യതയുടെ അര നൂറ്റാണ്ട്; തിരിഞ്ഞു നോക്കുമ്പോൾ പൂർണ്ണ സംതൃപ്തി

## വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുമായി പ്രത്യേക അഭിമുഖം



അമ്പത് വർഷങ്ങളുടെ സമർപ്പിത പുരോഹിതജീവിതം പൂർത്തിയാക്കുന്ന വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുമായി നടത്തിയ അഭിമുഖം.

***അച്ചൻ, പുരോഹിതനായിട്ട് അമ്പത് വർഷം പൂർത്തിയാകുന്നു. ഈ യാത്രയെ കുറിച്ച് തിരിഞ്ഞു നോക്കുമ്പോൾ എന്താണ് പറയാനുള്ളത്?***

അമ്പത് വർഷങ്ങൾ പിന്നിടുമ്പോൾ ഹൃദയം നിറഞ്ഞ സംതൃപ്തിയാണ് അനുഭവിക്കുന്നത്. ദൈവാനുഗ്രഹം ധാരാളമായി ലഭിച്ച വർഷങ്ങളായിരുന്നു ഇവ. ഇത് ഒരു സാധാരണ സേവനയാത്രയല്ല; ദൈവവിളിക്കുള്ള അനുസരണയുടെയും ആത്മീയ സമർപ്പണത്തിന്റെയും സാക്ഷ്യമാണ്.

***വൈദീകവൃത്തിയിലേക്ക് വരാനുള്ള പ്രചോദനം എന്തായിരുന്നു?***

1971 കാലഘട്ടത്തിൽ വിശ്വാസവുമായി ബന്ധപ്പെട്ട വലിയ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അന്നത്തെ സാഹചര്യത്തിൽ സഭാരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ കൂടുതൽ സജീവമായി പ്രവർത്തിക്കണമെന്ന ആഗ്രഹം ഉണ്ടായി. വൈദീകവൃത്തി അതിന് ഏറ്റവും അനുയോജ്യമായ മാർഗമാണെന്ന് മനസ്സിലാക്കി ആ വഴി തിരഞ്ഞെടുത്തു.

വിശ്വാസപരമായ പാരമ്പര്യവും ആത്മീയ അന്തരീക്ഷവും ബാല്യത്തിൽ തന്നെ ലഭിച്ചു. അതോടൊപ്പം ഭാര്യയുടെ അകമഴിഞ്ഞ പിന്തുണയും, മകനും അദ്ദേഹത്തിന്റെ കുടുംബവും, മകളും അവരുടെ കുടുംബവും നൽകിയ സ്നേഹവും സഹകരണവും ഈ ദൗത്യത്തിൽ വലിയ ശക്തിയായി നിന്നു. അവരുടെ പ്രാർത്ഥനയും പിന്തുണയും ഇല്ലാതെ ഈ പുരോഹിതജീവിതം ഇത്ര ദൂരം എത്തിക്കാനാവുമായിരുന്നോ എന്ന് തോന്നുന്നില്ല.

***ആദ്യം മുതൽ യാക്കോബായ സഭയിൽ തന്നെയായിരുന്നോ?***

അതെ. കുടുംബപരമായി തന്നെ അന്ത്യോഖ്യാ വിശ്വാസത്തിലായിരുന്നു. ആ വിശ്വാസത്തിൽ ഒരിക്കലും യാതൊരു വിധ വ്യതിയാനവും ഉണ്ടായിട്ടില്ല. ഈ വിശ്വാസം ശരിയാണെന്ന് എന്നും കരുതിയിട്ടുണ്ട്. ഓർത്തഡോക്സ് വിഭാഗത്തിന്റെയും യാക്കോബായ സഭയുടെയും ആരാധനാരീതികളും അടിസ്ഥാനപരമായി ഒരുപോലെ തന്നെയാണ്.

***വൈദീകനായതുകൊണ്ട് ജീവിതത്തിൽ നിയന്ത്രണങ്ങൾ ആവശ്യമായി വന്നില്ലേ?***

തീർച്ചയായും ചില നിയന്ത്രണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അത് ഒരു ബുദ്ധിമുട്ടായി എനിക്കോ കുടുംബത്തിനോ ഒരിക്കലും തോന്നിയിട്ടില്ല. ആത്മീയ ജീവിതത്തിന്റെ ഗൗരവം മനസ്സിലാക്കി ജീവിക്കുമ്പോൾ നിയന്ത്രണങ്ങൾ സ്വാഭാവികമായി സ്വീകരിക്കാനാകും.

***അമേരിക്കയിലേക്കുള്ള യാത്രയെ കുറിച്ച് പറയാമോ?***

2003-ലാണ് ഞാൻ അമേരിക്കയിലെത്തിയത്. സഹോദരി സൂസൻ മാത്യുവും സഹോദരീ ഭർത്താവ് ജോസഫ് മാത്യുവുമാണ് സ്പോൺസർ ചെയ്ത് ഇവിടെ കൊണ്ടുവന്നത്. അവരുടെ പിന്തുണ ജീവിതത്തിലെ നിർണായക വഴിത്തിരിവായിരുന്നു.

നാട്ടിലെ ബന്ധങ്ങൾ ഇന്നും അതേപോലെ നിലനിൽക്കുന്നു. കുടുംബാംഗങ്ങൾ ഇവിടെ തന്നെയാണെങ്കിലും, നാട്ടിൽ പോകാനും പള്ളികാര്യങ്ങളിൽ സംബന്ധിക്കാനും അവസരം ലഭിക്കുമ്പോൾ പോകാറുണ്ട്.

***അമേരിക്കൻ ഭദ്രാസനത്തിലെ സഭാപ്രവർത്തനങ്ങളെ കുറിച്ച്?***

അമേരിക്കൻ ഭദ്രാസനം പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിന്കീഴിലാണ്. ഇവിടെ ആർച്ച് ബിഷപ്പ് അഭിവന്ദ്യ യെൽദൊ മോർ തീത്തോസ് തിരുമേനിയുടെ നേതൃത്വത്തിൽ സഭ മികവുറ്റ പ്രവർത്തനങ്ങൾ നടത്തുന്നു. സഭ അനുഗ്രഹപൂർണ്ണമായി വളരുകയാണ്.



കോവിഡ് കാലത്ത് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ധാരാളം സഹായങ്ങൾ നൽകി. നാട്ടിൽ വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതുപോലുള്ള കാരുണ്യപ്രവർത്തനങ്ങൾക്കും മുൻഗണന നൽകി.

***അമേരിക്കയിലെ വിശ്വാസജീവിതം നാടുമായി താരതമ്യം ചെയ്താൽ?***

ഇവിടെയുള്ള വിശ്വാസജീവിതം വളരെ ശക്തമാണെന്ന് ഉറപ്പിച്ചു പറയാം. ആത്മീയ കാര്യങ്ങളിലും വിശ്വാസകാര്യങ്ങളിലും ആളുകൾ കൂടുതൽ താൽപര്യം കാണിക്കുന്നു.

***യുവതലമുറയുടെ പങ്ക് എങ്ങനെ വിലയിരുത്തുന്നു?***

യുവതലമുറ സഭാകാര്യങ്ങളിൽ സജീവമായ താൽപര്യം കാണിക്കുന്നുണ്ട്. വൈദികരാകാൻ പലരും മുന്നോട്ട് വരുന്നത് അതിന്റെ തെളിവാണ്. എന്നാൽ എല്ലാ സഭകളും ഭംഗിയായി മുന്നോട്ട് പോകാൻ പുതിയ തലമുറയുടെ സഹകരണം അനിവാര്യമാണ്. അവരുടെ പങ്കാളിത്തം കൂടുതൽ ശക്തമാകണം.

***ആരാധനാസമയം നീളുന്നതും ഭാഷാപ്രശ്നവും ഒരു വെല്ലുവിളിയാണോ?***

അതെ, ആരാധനാസമയം കുറയ്ക്കേണ്ട സമയമെത്തിയിരിക്കുന്നു. ഭാഷാപ്രശ്നവുമുണ്ട്. എങ്കിലും ആരാധനയുടെ ആത്മീയ സാരാംശം നിലനിർത്തേണ്ടത് അത്യാവശ്യമാണ്; അതിനാൽ ഭാഷ പൂർണ്ണമായി മാറ്റാനാകില്ല.



***രാജ്യത്ത് ചില ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെ ആക്രമണങ്ങൾ നടക്കുന്ന സാഹചര്യം?***

കേരളത്തിലും അമേരിക്കയിലും പ്രത്യേക വെല്ലുവിളികൾ അനുഭവപ്പെടുന്നില്ല. എന്നാൽ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ നടക്കുന്ന ആക്രമണങ്ങൾ ദുഖകരമാണ്. അതിന് പരിഹാരം കണ്ടെത്തേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്.



***വിശ്വാസികളോടുള്ള സന്ദേശം?***

എന്റെ പുരോഹിതജീവിതത്തിലെ ഈ അമ്പത് വർഷങ്ങൾ വിശ്വാസികളുടെ സ്നേഹവും സഹകരണവും ഇല്ലാതെ സാധ്യമായിരുന്നില്ല. ഞാൻ ശുശ്രൂഷ ചെയ്ത എല്ലാ ഇടവകകളിലും വിശ്വാസികൾ എനിക്ക് കാഴ്ച വെച്ച സ്നേഹവും ആദരവും വാക്കുകൾക്കതീതമാണ്.

പ്രത്യേകിച്ച് ന്യു സിറ്റി സെന്റ് ജോർജ് ചർച്ചിലെയും നാനുവറ്റ് സെന്റ് ജോർജ് ചർച്ചിലെയും അംഗങ്ങളുടെ സ്നേഹവും സഹകരണവും ഏറെ സ്മരണീയമാണ്. ഈ ബന്ധങ്ങൾ ഇന്ന് കുടുംബബന്ധങ്ങൾ പോലെ ഊഷ്മളമായി തുടരുന്നു.

എല്ലാ വിശ്വാസികളോടും ഞാൻ ഹൃദയത്തിൽനിന്നും നന്ദിയുള്ളവനാണ്. അവരുടെ പ്രാർത്ഥനയും പിന്തുണയും തന്നെയാണ് എന്റെ ശക്തിയും ആത്മവിശ്വാസവും.

NRS PAY

# TAP, DIP, SWIPE OR KEY!






## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call (877) 202-8112
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# കത്രിക 50 വർഷം വയറ്റിൽ കിടന്നാലും കുഴപ്പമില്ല; ചികിൽസാ പിഴവിൽ വളഞ്ഞ കൈ താനേ നേരെയായിക്കോളും



**എ.എസ് ശ്രീകുമാർ**

''ഈ കപ്പൽ ആടി ഉലയുകയില്ല. ഇതിനൊരു കപ്പിത്താനുണ്ട് സാർ...'' എന്ന് വീറോടെ നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയന് വാഴ്ത്ത് പാട്ട് പാടിയ മന്ത്രി വീണാ ജോർജിന്റെ ആരോഗ്യ വകുപ്പ്, 'സിസ്റ്റം തകരാറി'ൽപ്പെട്ട് അടപടലം ആടിയുലഞ്ഞ് മുങ്ങിക്കൊണ്ടിരിക്കുകയാണ്. നിവർത്തികേടുകൊണ്ട് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് അഭയം പ്രാപിക്കുന്ന രോഗികളുടെ പ്രാർത്ഥന വല്ലവിധത്തിലും ജീവനും കൊണ്ട് തിരിച്ച് വീട്ടിലെത്തിയാൽ മതിയെന്നാണ്. ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ അഞ്ചു വർഷം മുൻപ് ഗർഭപാത്രം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയ ചെയ്ത പുന്നപ്രയിൽ നിന്നുള്ള ഉഷ ജോസഫുകുട്ടി അഞ്ചു വർഷമായി വയറ്റിൽ കത്തിയും പേറി അസഹനീയമായ വേദന തിന്ന് ദുരിത ജീവിതം നയിക്കുകയായിരുന്നു.

കാലന്റെ വകുപ്പായോ ആരോഗ്യം..?'' എന്ന നാട്ടുകാരുടെ ചോദ്യം ശരിവയ്ക്കുന്ന തരത്തിലുള്ള ഞെട്ടിക്കുന്ന കൊടുകാര്യസ്ഥതയുടെ വിളനിലമായിരിക്കുകയാണ് കേരളത്തിന്റെ ആരോഗ്യ വകുപ്പ്. ആരോഗ്യത്തിന്റെ കാര്യത്തിൽ കേരളം ''നമ്പർ വൺ ആണ്...'' എന്ന് ഉളുപ്പില്ലാതെ വീമ്പിളക്കുന്ന മുഖ്യമന്ത്രിയും മന്ത്രിയും സിൽബന്ധികളും

ഇത്തരം കൃത്യവിലോപങ്ങൾക്ക് നേരെ കുറ്റകരമായ മൗനം പാലിക്കുന്നതുകൊണ്ടാണ് സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളും കൂട്ടിരിപ്പുകാരുമൊക്കെ ഉയർത്തുന്ന കൊടിയ അരുതായ്കകളുടെയും അലംഭാവങ്ങളുടെയും പരാതികൾ കുമിഞ്ഞു കൂടുന്നത്. ഓപ്പറേഷനിടെ വയറ്റിൽ കത്രിക മറന്നുവച്ചത് കൊലപാതകത്തിന് തുല്യമായ സംഭവം തന്നെയാണ്.

വയറുവേദനയും മൂത്രത്തിൽ രക്തവും കണ്ടതിനെത്തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ ഉഷ ഡോക്റ്ററുടെ നിർദേശ പ്രകാരം എക്സ്റേ എടുത്തപ്പോഴാണ് ശരിക്കും ഞെട്ടിയത്. പല തവണ ഡോക്ടറെ കണ്ടു. നിരവധി മരുന്നുകൾ കഴിച്ചു. പക്ഷേ, വേദനയ്ക്ക് പരിഹാരം ഉണ്ടായില്ലെന്ന് ഉഷ പറയുന്നു. ഏതാനും ദിവസം മുൻപാണ് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയയ്ക്കിടയിൽ ആദിവാസി യുവതിയുടെ ഗർഭസ്ഥശിശു മരിച്ച സംഭവം വലിയ പ്രതിഷേധത്തിന് കാരണമായി. ഡോക്റ്ററുടെ അനാസ്ഥയാണു കുഞ്ഞു മരിക്കാൻ കാരണമെന്ന് ആരോപണമുയർന്നു. കൈക്കൂലി വാങ്ങിയെന്ന ആരോപണവും ഉയർന്നതോടെ ഡോക്ടറെ സസ്പെൻഡ് ചെയ്യ് ബന്ധപ്പെട്ടവർ തടിയൂരിയിരിക്കുകയാണിപ്പോൾ.

രോഗികളുടെ ജീവന് പുല്ല് വില കൽപ്പിക്കുന്ന ഇത്തരം ഗുരുതരമായ വീഴ്ചകൾ പുറത്തുവരുമ്പോൾ റിപ്പോർട്ട് തേടൽ, അന്വേഷണം പ്രഖ്യാപിക്കൽ, കുറ്റക്കാർക്ക് മതിയായ ശിക്ഷ നൽകുമെന്ന് ഉറപ്പു നൽകൽ, ഇരയെ കെട്ടിപ്പിടിച്ച് ഉമ്മ വച്ച് സഹായ വാഗ്ദാനം നൽകൽ തുടങ്ങിയവ മന്ത്രി വീണാ ജോർജിന്റെ സ്ഥിരം കലാപരിപാടിയായി മാറിയിരിക്കുന്നു. ഇക്കഴിഞ്ഞ 5 വർഷമായി 43 തവണ മന്ത്രി ഇങ്ങനെ റിപ്പോർട്ടുകൾ തേടിയെന്ന് വിവരാവകാശ നിയമപ്രകാരമുള്ള രേഖകൾ തെളിയിക്കുമ്പോൾ ആരോഗ്യ വകുപ്പിന്റെ ലോകപ്രശസ്തമായ 'നമ്പർ വൺ കൊണം' എന്താണെന്ന് മനസിലാക്കാം. 43 തവണ റിപ്പോർട്ട് തേടിയത് ഒഴിച്ചാൽ കേരളത്തിൽ വലിയ അത്ഭുതങ്ങൾ ഒന്നും പിന്നീട് സംഭവിച്ചിട്ടില്ല. കത്രികകളും മറ്റ് ശസ്ത്രക്രിയാ ഉപകരണങ്ങളും രോഗികളുടെ വയറ്റിലും മറ്റും യഥേഷ്ടം ഇടം പിടിച്ചുകൊണ്ടേയിരിക്കുന്നു.




ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ 2021 മെയ് 5-ന് ഉഷ ജോസഫുകുട്ടിയുടെ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഗൈനക്കോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ കൂടിയായ ഡോ. ജെ.ഷാഹിദ, നേഴ്സ് പി.എസ് ധന്യ, എന്നിവരെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഷാഹിദയുടെ പേരിൽ കേസെടുക്കുമെന്ന് വീണാ ജോർജ് പറഞ്ഞു. നല്ല കാര്യം. മെഡിക്കൽ കോളജ് ആശുപത്രിയിലേയ്ക്കിനി താനില്ലെന്ന് നിലവിളിയോടെ പറഞ്ഞ ഉഷയുടെ വയറ്റിൽ നിന്നും കത്രിക നീക്കം ചെയ്യാൻ അവരെ കൊച്ചി അമൃത ആശുപത്രിയിലാണ് അഡ്മിറ്റ് ചെയ്തത്. ഇന്ന് നാല് മണിക്കൂർ നീണ്ട ഓപ്പറേഷനിലൂടെ കത്രിക പുറത്തെടുക്കുകയും ചെയ്തു. ആശുപത്രി ചെലവ് സർക്കാർ വഹിക്കും. അവർ അഞ്ചു വർഷം സഹിച്ച തീവ്ര വേദന മാത്രം മിച്ചം.

അതേസമയം, കത്രികയല്ല, രക്തക്കുഴലിൽ നിന്നു രക്തം വരുമ്പോൾ പിടിക്കാനുപയോഗിക്കുന്ന മസ്കിറ്റോ എന്ന ഉപകരണമാണ് കണ്ടെത്തിയതെന്നും അഞ്ചല്ല, 50 വർഷം അത് വയറ്റിലിരുന്നാലും ഒന്നും സംഭവിക്കില്ലെന്നുമുള്ള ആലപ്പുഴ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗം മുൻ അധ്യക്ഷ ഡോ. ലളിതാംബികയുടെ ധിക്കാരപരമായ പ്രസ്താവന വലിയ ആക്ഷേപങ്ങൾ ക്ഷണിച്ചു വരുത്തി. സിസ്റ്റത്തിനു തകരാർ സംഭവിച്ചിട്ടുണ്ടെന്ന് അവർ സമ്മതിക്കുന്നു. ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങളുടെ വിവരം ആദ്യം ബോർഡിൽ എഴുതണം. ശസ്ത്രക്രിയ കഴിയുമ്പോൾ അതെല്ലാം ഉണ്ടോയെന്ന് പരിശോധിക്കണം. എന്നാൽ സർക്കാർ ആശുപത്രി

കളിൽ അതിനു ജീവനക്കാരില്ല. ഉഷയ്ക്ക് 20 കൊല്ലം മുമ്പ് ഒരു ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. അപ്പോൾ വയറ്റിൽ വെച്ചതാകാമെന്നും അവർ പറയുമ്പോൾ അതിനെ അപലപിക്കാൻ സഭ്യമായ വാക്കുകൾ ഇല്ല.

സർക്കാർ ആശുപത്രികൾ അനാസ്ഥയുടെയും കൈയബദ്ധങ്ങളുടെയും കൂത്തരങ്ങുകളാവുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഇരയാണ് ഉഷാ ജോസഫുകുട്ടിയെന്ന 51 കാരി. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംഭവിച്ച വീഴ്ചയാണിതെന്നാണ് വിചിത്രമായ കണ്ടെത്തൽ. കോവിഡിനെ പ്രതിയാക്കിയ ലോകത്തിലെ ആദ്യത്തെ കേസാണിതെന്ന് സർക്കാരിന് വീണ്ടും വീണ്ടും അഭിമാനിക്കാം. ഉഷാ ജോസഫുകുട്ടിയുടെ ദുരന്തം ഏറ്റവുമവസാനത്തേതായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാൻ പോലുമാവുന്നില്ല. കാരണം ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നുവെന്നതാണ് യാഥാർത്ഥ്യം. ഒന്നുണ്ടാവുമ്പോൾ അതിന് മുമ്പത്തേത് സൗകര്യപൂർവം മറക്കുന്നു. എന്നിട്ട് നമ്പർ വൺ ആകാൻ നോക്കുന്നു.

2017-ലാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ നടന്ന പ്രസവ ശസ്ത്രക്രിയക്കിടെ കോഴിക്കോട് പന്തീരാങ്കാവ് മണക്കടവു സ്വദേശി കെ.കെ ഹർഷിനയുടെ വയറ്റിൽ ആർട്ടറി ഫോർസെപ്സ് എന്ന ഉപകരണം മറന്നുവെച്ചത്. അഞ്ചു വർഷത്തെ ദുരിതവേദനയ്ക്കൊടുവിലാണ് വയറ്റിനുള്ളിലെ ഉപകരണമാണ് കാരണമെന്നു കണ്ടെത്തിയത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 2023 മാർച്ചിൽ നടത്തിയ ശസ്ത്രക്രിയക്കിടെ നെഞ്ചിൽ ഗൈഡ് വയർ കുടുങ്ങിയ കാട്ടാക്കട സ്വദേശിനിയായ സുമയ്യ ആരോഗ്യ വകുപ്പിനെതിരേ നിയമനടപടികളുമായി രംഗത്തുണ്ട്. കീഹോൾ ശസ്ത്രക്രിയ വഴി ഗൈഡ് വയർ നീക്കം ചെയ്യാനുള്ള ശ്രമം പരാജയപ്പെട്ടതിനാൽ അതും പേറിയാണ് സുമയ്യയുടെ ജീവിതം. ഗൈഡ് വയർ എടുത്തുകളഞ്ഞില്ലെങ്കിലും കുഴപ്പമില്ലെന്നാണ് ഡോക്ടർമാരുടെ ക്രൂരമായ വിധിയെഴുത്ത്.





**സർക്കാർ ആശുപത്രികൾ അനാസ്ഥയുടെയും കൈയബദ്ധങ്ങളുടെയും കൂത്തരങ്ങുകളാവുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഇരയാണ് ഉഷാ ജോസഫുകുട്ടിയെന്ന 51 കാരി. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംഭവിച്ച വീഴ്ചയാണിതെന്നാണ് വിചിത്രമായ കണ്ടെത്തൽ.**

പാലക്കാട് പല്ലശ്ശന ഒഴിവുപാറ സ്വദേശി വിനോദിനിയെന്ന ഒൻപതുവയസ്സുള്ള കുഞ്ഞിന്റെ ഒരു കൈ മുറിച്ചു മാറ്റിയതും ഇതേ വെടിക്കെട്ട് സിസ്റ്റം തന്നെ. വയനാട് മെഡിക്കൽ കോളേജിൽ പ്രസവിച്ച യുവതിയുടെ ശരീരത്തിൽ നിന്ന് 75 ദിവസത്തിനു ശേഷം തുണിയുടെ കഷ്ണം പുറത്തുവന്ന സംഭവം കഴിഞ്ഞ മാസമായിരുന്നു. മാനന്തവാടി എടവക പാണ്ടിക്കടവ് സ്വദേശി ദേവിയാണ് തന്റെ ദുരിതം ആരോഗ്യവകുപ്പിനു മുന്നിൽ കണ്ണീരോടെ പറഞ്ഞത്. 2023 ഫെബ്രുവരിയിൽ മാനന്തവാടി മെഡിക്കൽ കോളേജിൽ വെരിക്കോസ് വെയിൻ ചികിത്സയ്ക്കെത്തിയ പെരിയ സ്വദേശി ഹാഷിമിന് നഷ്ടമായത് ചലനശേഷിയും സർക്കാർ ജോലിയുമാണ്. വലതുകാലിലെ ഞരമ്പിനു പകരം മറ്റൊരു ഞരമ്പ് മുറിച്ചു മാറ്റിയാണ് ഡോക്ടർമാർ തങ്ങളുടെ 'വൈദഗ്ധ്യം' തെളിയിച്ചത്.

പത്തനംതിട്ട കോന്നി മെഡിക്കൽ കോളേജിൽ കൈയൊടിഞ്ഞതിനെ തുടർന്ന് പ്ലാസ്റ്റർ ഇട്ട ഒൻപതാം ക്ലാസ് വിദ്യാർത്ഥിയുടെ കൈ വളഞ്ഞുപോയെന്ന് ആരോപിച്ച് രക്ഷിതാക്കൾ പോലീസിനെ സമീപിച്ചിട്ടുണ്ട്. രണ്ടര മാസത്തെ ചികിത്സയ്ക്കൊടുവിൽ 14 കാരൻ തൻസീറിന്റെ വലതുകൈ വളഞ്ഞുപോയത്. ചികിത്സപ്പിഴവിൽ ആരോഗ്യവകുപ്പിനെതിരെ നിയമനടപടി ശക്തമാക്കാൻ ഒരുങ്ങുകയാണ് കുട്ടിയുടെ കുടുംബം.

ചികിത്സിച്ചില്ലെങ്കിലും കുട്ടിയുടെ കൈ തനിയെ ശരിയാകുമായിരുന്നുവെന്നാണ് ഡോ. ഷാജിയുടെ മറുപടി. ഇങ്ങനെയൊക്കെ സംസാരിക്കുന്നവരെ ജനമധ്യത്തിലേയ്ക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്. അവർ ശരിക്കും കൈകാര്യം ചെയതേളും. എന്നാലും സിസ്റ്റം ഒരിക്കലും നന്നാവില്ലെന്നുറപ്പ്.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.

# ലോക കേരളസഭയിൽ ഫൊക്കാന ടീം ഇന്റഗ്രിറ്റിയുടെ സജീവ പങ്കാളിത്തം




തിരുവനന്തപുരം: 5-ാം ലോക കേരളസഭയിൽ ഫൊക്കാന ടീം ഇന്റഗ്രിറ്റി പ്രതിനിധികൾ സജീവമായി പങ്കെടുത്തു.കേരള സർക്കാരിന്റെ പ്രവാസി നയങ്ങൾക്കും പദ്ധതികൾക്കും ദിശാനിർദ്ദേശം നൽകുന്ന പ്രധാന ഉപദേശക വേദിയാണ് ലോക കേരള സഭ. സോണി അംബൂക്കൻ, മില്ലി ഫിലിപ്പ്, അജു ഉമ്മൻ =, ജോയ് ഇട്ടൻ, ഡോ. ലത മേനോൻ എന്നിവരാണ് ഫൊക്കാന ടീം ഇന്റഗ്രിറ്റിയെ പ്രതിനിധീകരിച്ചത്. പ്രത്യേക വിദ്യാഭ്യാസ പദ്ധതികൾ കേരളത്തിൽ ഫലപ്രദമായി നടപ്പാക്കാനുള്ള മാർഗങ്ങളെക്കുറിച്ച് മില്ലി ഫിലിപ്പ് സഭയിൽ സംസാരിക്കുകയും നിർദേശങ്ങൾ മുന്നോട്ടുവെക്കുകയും ചെയ്തു.

ഫൊക്കാന ടീം ഇന്റഗ്രിറ്റിയുടെ അഭ്യുദയകാംക്ഷികളായ പോൾ കറുകപ്പിള്ളിൽ, നോഹ ജോർജ്, അനീഷ് ജെയിംസ് എന്നിവരും ലോക കേരളസഭയുടെ നടപടികളിൽ പങ്കാളികളായി.

ലോക കേരളസഭ പ്രവാസി മലയാളികളുടെ ആശങ്കകളും നിർദേശങ്ങളും നേരിട്ട് സംസ്ഥാന ഭരണകൂടത്തോട് പങ്കുവെക്കാനുള്ള തന്ത്രപ്രധാന വേദിയാണെന്നും, പ്രത്യേകിച്ച് പ്രവാസി വിഷയ

ങ്ങളിൽ സർക്കാർ നയരൂപീകരണത്തെ സ്വാധീനിക്കാൻ കഴിയുന്ന പ്ലാറ്റ്ഫോമാണ് ഇതെന്നും പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

പ്രധാനമായി ഉന്നയിച്ച വിഷയങ്ങൾ

1) ഗ്ലോബൽ കേരള പ്രൊഫഷണലുകളെയും സംസ്ഥാനത്തിന്റെ നോളജ് ഇക്കോസിസ്റ്റവുമായി ബന്ധിപ്പിക്കൽ

കേരളം അറിവ് ആസ്പദമാക്കിയ സമ്പദ്‌വ്യവസ്ഥയിലേക്ക് നീങ്ങുമ്പോഴും, ബിരുദധാരികളിലും തൊഴിൽ അന്വേഷകരിലും ആഗോള പരിചയക്കുറവ് വലിയ പോരായ്മയായി നിൽക്കുന്നു. വിദേശത്ത് സാങ്കേതികവിദ്യ, മെഡിസിൻ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികൾ കേരളം സ്ഥിരമായി സന്ദർശിക്കുന്ന സാഹചര്യത്തിൽ, 'അഡ്ജങ്ക്റ്റ് പ്രൊഫസർഷിപ്പ്' മാതൃകയിൽ ഒരു ക്രമബദ്ധ സംവിധാനമൊരുക്കി അവരുടെ അറിവ് വിദ്യാർത്ഥികളുമായി ബന്ധിപ്പിക്കാമെന്ന നിർദേശം ഉന്നയിച്ചു. ഇതിന് നോർക്കയോ സർവകലാശാലകളോ ഏകോപനം വഹിക്കാമെന്ന ആശയവും മുന്നോട്ടുവച്ചു.

2) എച്ച്-1ബി അനിശ്ചിതത്വത്തെ കേരളത്തിന്റെ നവോത്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് അവസരമാക്കുക

അമേരിക്കയിലെ എച്ച്-1ബി വിസയുമായി ബന്ധപ്പെട്ട അ





നിശ്ചിതത്വം നിരവധി പ്രൊഫഷണലുകളിൽ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വിദേശത്ത് ഉയർന്ന തസ്തികകളിൽ പ്രവർത്തിക്കുന്ന മലയാളി പ്രൊഫഷണലുകളെ കേരളത്തിന്റെ ഐ.ടി. മേഖലയിലേക്കും സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലേക്കും ആകർഷിക്കാൻ പ്രത്യേക പദ്ധതി രൂപീകരിക്കാമെന്ന നിർദേശം മുന്നോട്ടുവച്ചു.

3) പ്രവാസികളുടെ പ്രായമായ മാതാപിതാക്കൾക്കായി റാപിഡ് റെസ്പോൺസ് സംവിധാനം

വിദേശത്ത് താമസിക്കുന്ന പ്രവാസികളുടെ പ്രായമായ മാതാപിതാക്കൾ കേരളത്തിൽ ഒറ്റയ്ക്ക് കഴിയുന്ന സാഹചര്യം സാധാരണമാണ്. അടിയന്തരാവസ്ഥകളിലും സുരക്ഷാ പ്രശ്നങ്ങളിലുമുള്ള ആശങ്കകൾ പരിഹരിക്കാൻ, പോലീസ്, കുടുംബശ്രീ തുടങ്ങിയ സംവിധാനങ്ങളുടെ സഹകരണത്തോടെ 'വെരിഫൈഡ് ഹോം വിസിറ്റ്' ഉൾപ്പെടുന്ന വേഗത്തിലുള്ള പ്രതികരണ സംവിധാനം ഒരുക്കുക എന്ന ആവശ്യവും ഉന്നയിച്ചു.

ഇത് ഫീസോടെ ലഭ്യമാക്കാവുന്ന സേവനമായോ ഏകോപിത സർക്കാർ സംവിധാനമായോ ആക്കാമെന്ന നിർദേശവും അവതരിപ്പിച്ചു.


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires
people to recognize the
existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

# സാഹോദര്യം, ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ മുഖമുദ്ര : ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ




ന്യൂയോർക്ക് : ട്രൈ സ്റ്റേറ്റിലെ ആദ്യകാല ക്രൈസ്തവ കൂട്ടയ്മയും സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ റീത്തുകളുടെ അമേരിക്കയിലെ ഏറ്റവും വലിയ ഓർഗനൈസേഷനുമായ ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ 47– ാമാതു കമ്മിറ്റി ന്യൂയോർക്കിലെ ഫ്ലോറൽ പാർക്കിലുള്ള ടൈസൺ സെന്ററിൽവച്ച് അധികാരമേറ്റു.

ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പുതിയ ഭാരവാഹികളായി പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കൽ , വൈസ് പ്രസിഡന്റ് തോമസ് പ്രകാശ് , സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ, ട്രഷറർ ജോർജ് തോമസ് , ജോയിന്റ് സെക്രട്ടറി മാത്യു ജോസഫും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി ടോണി നമ്പിയാമ്പറമ്പിൽ, പ്രിൻസ് ജോസഫ്, ബെഞ്ചമിൻ ജോസഫ്, ജിം ജോർജ് എന്നിവരും ഓഡിറ്റർമാരായി സ്വപ്ന മലയിൽ, മേരിക്കുട്ടി മൈക്കിൾ എന്നിവരും ബോർഡ് ഓഫ് ട്രസ്റ്റി മെമ്പറായി റോയ് ആന്റണിയും ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായി ആന്റോ വർക്കിയും സത്യ വാചകം ചൊല്ലി സ്ഥാനമേറ്റു. ട്രസ്റ്റീ ബോർഡ് ചെയർമാൻ ലിജോ ജോൺ ഏവർക്കും സത്യ വാചകം ചൊല്ലിക്കൊടുത്തു.

മുൻപ്രസിഡന്റ് റോയ് ആന്റണി അസോസിയേഷന്റെ റെക്കോർഡുകൾ പുതിയ




പ്രസിഡന്റ് ജോസഫ് മാത്യുവിനും മുൻ സെക്രട്ടറി തോമസ് പ്രകാശ് മെമ്പർഷിപ്പ് രജിസ്റ്ററും റെക്കോർഡുകളും പുതിയ സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിനും മുൻ ട്രഷറർ മാത്യു ജോസഫ് ബാങ്ക് ഡോക്യുമെന്റ്സ് പുതിയ ട്രഷറർ ജോർജ് തോമസ്സിനും കൈമാറി. ബോർഡ് ഓഫ് ട്രസ്റ്റീയുടെ റെക്കോർഡുകൾ മുൻ ചെയർമാൻ ലിജോ ജോൺ പുതിയ ചെയർമാൻ ആന്റോ വർക്കിക്കും കൈമാറി. ഫാദർ ജോണി ചെങ്ങളാന്റെ മ്യൂസിക്കൽ ഫ്യൂഷൻ അവിസ്മരണീയമായി. ജോസ് മലയിൽ സത്യ പ്രതിജ്ഞ ചടങ്ങുകൾക്ക് നേതൃത്വം നല്കി.

ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ 2026 ലെ പ്രവർത്തനോദ്ഘാടനം സീറോ മലബാർ സഭയുടെ കാനഡ ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ നിർവഹിച്ചു. പ്രസിഡന്റ് ജോസഫ് മാത്യു ചടങ്ങിൽ അധ്യക്ഷനായിരുന്നു. മികച്ച വാഗ്മിയും ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ ആത്മീയ ഗുരുവുമായ റവ. ഫാ. നോബി അയ്യനേത്തും ബെത്ത്പേജ് സെന്റ് മേരീസ് സീറോ മലബാർ ചർച്ച് വികാരി റവ.ഫാ. ജോൺസ്റ്റി തച്ചാറയും ചടങ്ങിൽ പുതിയ കമ്മറ്റിക്ക് അനുഗ്രഹ പ്രഭാഷണത്തിലൂടെ ആശംസകൾ നേർന്നു. ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ ചടങ്ങിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സീറോ മലബാർ , മലങ്കര, ലത്തീൻ റീത്തിൽ പെട്ട എല്ലാവർക്കും ഒന്നിച്ചുകൂടുവാനുള്ള പൊതു വേദിയാണ് ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ എന്ന് അനുസ്മരിച്ചു. ഓരോ റീത്തും അവനവനിലേക്ക് സ്വയം ചുരുങ്ങാതെ ഒരു പൊതു ഇടമായ ഇന്ത്യാ കാത്തലിക് അസോസിയേഷനിൽ പ്രവർത്തിക്കാൻ മുന്നോട്ടു വരുവാൻ സെക്രട്ടറി ഏവരെയും






സ്നേഹപൂർവ്വം ക്ഷണിച്ചു.

ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ വാർത്തമാനകാല പ്രസക്തിയും നാളിതുവരെ ചെയ്തുപോന്ന സേവനങ്ങളും ചാരിറ്റികളും ജോസഫ് മാത്യു തന്റെ അധ്യക്ഷ പ്രസംഗത്തിൽ അനുസ്മരിച്ചു. 2020 മുതൽ ചിറമേൽ അച്ചന്റെ ഹംഗർ ഹണ്ട് പ്രസ്ഥാനത്തിന്റെ അമേരിക്കൻ അംബാസിഡറായ ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഈ വർഷവും പ്രവർത്തനം തുടരുമെന്നും ഒപ്പം പുനലൂരിലെ വിളക്കുടിയിലുള്ള സ്നേഹതീരത്തിന് നൽകി വരുന്ന സഹായം തുടർന്നു നല്കുമെന്നും അറിയിച്ചു. കഴിഞ്ഞ വർഷം റോയ് ആന്റണിയുടെ നേതൃത്വത്തിൽ നാട്ടിൽ രണ്ടു വീടുകൾ പണിതു നൽകിയതുപോലെ ഈ വർഷവും ചാരിറ്റി പ്രവർത്തനം തുടരുമെന്ന് അദ്ദേഹം അറിയിച്ചു. ചാരിറ്റി പ്രവർത്തനത്തിലൂടെ ദൈവോന്മുഖമായി ജീവിക്കുവാനും

നമ്മുടെ സമ്പദ്യത്തിൽ നിന്നും ഒരു ചെറു വിഹിതം മറ്റുള്ളവരെ സഹായിക്കാൻ വേണ്ടി ചിലവിടുവാനും കാത്തലിക് അസോസ്സിയേഷൻ പ്രവർത്തകരോട് പ്രസിഡന്റ് അഭ്യർത്ഥിച്ചു.










## ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ

തന്റെ സരള മധുരവും ഗഹനവുമായ ഉദ്ഘാടന പ്രസംഗത്തിൽ ക്രിസ്തു ദർശനങ്ങൾ എങ്ങനെ നമ്മളെ വ്യതിരിക്തർ ആക്കുന്നുവെന്ന് വിശദീകരിച്ചു. നമ്മുടെ വേരുകളും സംസ്കാരവും സംസ്കൃതിയും ഭാരതീയമാണ്. അവ നിലനിന്നു പോരാൻ സഭാ പരമായ ഓർമ്മകളും കൂട്ടായ്മകളും നിലനിൽക്കണം. എല്ലാ ഭാഷയെയും സംസ്കാരത്തെയും എല്ലാ ജനതയേയും ദേശത്തേയും ലോകത്തെ മുഴുവനും സമഞ്ജസമായി സമ്മേളിപ്പിക്കുന്നതാണ് ക്രൈസ്തവ ദർശനം. ഏറ്റവും വലിയ പ്രാർത്ഥന ദിവ്യ ബലിയാണ്. ഈ ലോകത്തിൽ നിസ്വനായി മരിച്ച ഒരേയൊരാൾ യേശു ക്രിസ്തുവാണ്. തന്റെ അവസാന തുള്ളി രക്തവും നൽകി എല്ലാം പൂർത്തീകരിച്ച ഒരേ ഒരാൾ. അത് ജീവിതത്തിൽ പ്രാവർത്തികം ആക്കുവാൻ കാത്തലിക് അസോസ്സിയേഷൻ പ്രവർത്തകർ വിളിക്കപ്പെട്ടിരിക്കുന്നത്തിൽ അഭിമാനിക്കണം.ടോഡ് ഹെന്ററി തന്റെ 'ഡൈ എംപ്റ്റി ' എന്ന കൃതിയിൽ വിവരിക്കും പോലെ, ലോകത്തിലെ ഉപയോഗിക്കാനാവാത്ത എല്ലാ കഴിവുകളും സ്വപ്നങ്ങളും സമ്പന്നതയും (riches) കുഴിച്ചു മൂടപ്പെട്ട സെമിത്തേരി പോലെ ആവരുത് നമ്മുടെ ജീവിതം. നമ്മൾ










ഒത്തിരി കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നതുകൊണ്ട് ലോകം മാറില്ല, ആഗ്രഹിക്കുന്ന കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുമ്പോളാണ് സമൂഹത്തിൽ മാറ്റം ഉണ്ടാവുക. അങ്ങനെ മാറ്റത്തിനു വേണ്ടി പ്രയത്നിക്കുന്ന സഹോദര്യത്തിനു വേണ്ടി അധ്വാനിക്കുന്ന ഒരു പറ്റം നല്ല മനുഷ്യരുടെ കൈകളിലാണ് കാത്തലിക് അസോസിയേഷൻ എന്നത് അഭിമാനകരമാണ്. തുടർന്ന് തിരി തെളിയിച്ച് 2026 ലെ പ്രവർത്തനം മാർ ജോസ് കല്ലുവേലിൽ നിർവഹിച്ചു.

ഹൃദയം ഒരവയവമല്ല, ഒരു വികാരമാണ് . ഈ തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് ക്രിസ്തുവിന്റെ സ്നേഹം നമ്മളിൽ പ്രവർത്തിക്കുക, ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ആത്മീയ ഗുരുവായ നോബി അയ്യനേത്ത് അച്ചൻ സദസ്സിനെ ഉദ്ബോധിപ്പിച്ചു. ബലിയല്ല, ദൈവം കരുണയാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് നമുക്ക് ഹൃദയമുള്ളവരാകാം. ക്രിസ്തുവിന്റെ ആ വലിയ ഹൃദയത്തിൽ കോർത്തു വച്ച സ്നേഹത്തിന്റെ സംവേദനം കാത്തലിക് അസോസിയേഷന്റെ ചാരിറ്റി പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ നിറയട്ടെയെന്നു നോബി അച്ചൻ ആശംസിച്ചു. നിങ്ങൾ ക്രിസ്തുവിന്റെ പരിമളം ആവണം എന്ന് പൗലോസ് അപ്പസ്തോലൻ കോരിന്തോസ്സിലെ സഭയെ ഉദ്ബോധിപ്പിച്ചതുപോലെ ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൽ പരിമളം പരത്തട്ടെയെന്ന് ഫാദർ ജോൺസ്റ്റി തച്ചാറ ആശംസിച്ചു.

കഴിഞ്ഞ രണ്ടു വർഷക്കാലം തനിക്കും തന്റെ ടീമിനും നൽകിയ എല്ലാ പിന്തുണയ്ക്കും മുൻ പ്രസിഡന്റ് റോയ് ആന്റണി ഏവർക്കും നന്ദിയും സ്നേഹവും അറിയിച്ചു. കഴിഞ്ഞ ഒരു വർഷ കാലത്തിനുള്ളിൽ കേരളത്തിൽ രണ്ടു വീടുകൾ വച്ചു നൽകാൻ ഇന്ത്യാ കാത്തലിക് അസോസിയേഷനെ സഹായിച്ച നല്ലവരായ എല്ലാ സുമനസ്സുകൾക്കും പ്രത്യേകം നന്ദി അർപ്പിക്കുകയും പുതിയ കമ്മിറ്റിക്ക് എല്ലാ പിന്തുണയും

വാഗ്ദാനം നൽകുകയും ചെയ്തു. സ്ഥാനമൊഴിഞ്ഞ ചെയർമാൻ ലിജോ ജോൺ പ്രസിഡന്റ് ജോസഫ് മാത്യുവിനും ചെയർമാൻ ആന്റോ വർക്കിക്കും എല്ലാവിധ പിന്തുണയും സഹായവും തന്റെ ആശംസ പ്രസംഗത്തിൽ അറിയിച്ചു . ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ ആന്റോ വർക്കി തന്നെ ഈ സ്ഥാനത്തേക്ക് നിയോഗിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുകയും സംഘടനയുടെ ചാരിറ്റി പ്രവർത്തനത്തിന് ചാലക ശക്തിയായി വർത്തിക്കുവാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു .

ഏപ്രിൽ 18 ന് നടക്കുന്ന

ഈസ്റ്റർ ചാരിറ്റി ഡിന്നറിന്റെ കിക്ക് ഓഫ് ട്രസ്റ്റീ ബോർഡ് മെമ്പർ കെ ജെ ഗ്രഗറിക്കു ടിക്കറ്റ് നൽകികൊണ്ട് ബിഷപ്പ് നിർവഹിച്ചു. കേരളത്തിൽ പണിയുന്ന വീടിന്റെ നിർമ്മിതിക്കു വാഗ്ദാനം ചെയ്ത അഞ്ചു ലക്ഷം രൂപയുടെ ചെക്ക് മുൻ പ്രസിഡന്റ് റോയ് ആന്റണിയും പ്രസിഡന്റ് ജോസഫ് മാത്യുവും ചേർന്ന് ബിഷപ്പ് മാർ ജോസ് കല്ലുവേലിക്കു കൈമാറി.

വൈസ് പ്രസിഡന്റ് തോമസ് പ്രകാശിന്റെ അമുഖ പ്രസംഗത്തോടെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു.

മേരിക്കുട്ടി മൈക്കിളിൾ പ്രാർത്ഥന ഗാനം ആലപിച്ചു. അമേരിക്കൻ ദേശീയ ഗാനത്തെ തുടർന്ന് ഇന്ത്യൻ ദേശീയ ഗാനം മേരിക്കുട്ടി മൈക്കിളും ജെസ്സി ആന്റോയും ചേർന്ന് ആലപിച്ചതോടെ സ്വാഗത പ്രസംഗത്തിനായി എം സി സ്വപ്ന മലയിൽ ജെയിംസ് ഇളമ്പുരയിടത്തെ ക്ഷണിച്ചു.

കഴിഞ്ഞ രണ്ടു വർഷക്കാലം പ്രസിഡന്റായി സ്തുത്യർഹമായ സേവനം ചെയ്ത റോയ് ആന്റണിയുടെയും ചെയർമാനായിരുന്ന ചെയർമാനായിരുന്ന ലിജോ ജോണിന്റെയും പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും പിതാവിൽ നിന്നും ആദരവ് സ്വീകരിക്കുവാൻ മുതിർന്ന നേതാവും ട്രസ്റ്റീ ബോർഡ് മെമ്പറുമായ മേരി ഫിലിപ്പ് ഇരുവരെയും ക്ഷണിച്ചു . ബിഷപ്പ് മാർ കല്ലുവേലിൽ രണ്ടു പേർക്കും പ്ലാക്കും പൊന്നാടയും നൽകി ആദരിച്ചു .












ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ സോണൽ ഡയറക്ടർ ആയിരുന്ന വർഗീസ് സക്കറിയ, ലൈഫ് മെമ്പറായിരുന്ന ജെയിംസ് കാണാച്ചേരി, മുൻ പ്രസിഡന്റ് കെ ജെ ഗ്രഗറിയുടെ ഭാര്യയും ലൈഫ്

മെമ്പറുമായിരുന്ന മേഴ്‌സി ഗ്രിഗറി എന്നിവരുടെ

നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി ട്രസ്റ്റീ ബോർഡ് മെമ്പർ ജോൺ കെ ജോർജ് പ്രമേയം അവതരിപ്പിച്ചു.

സ്വപ്ന മലയിലും മേരിക്കുട്ടി മൈക്കിളുംഎം സി മാരായി പ്രവർത്തിച്ചു .

അലക്സ് മണലിൽ, ലിയ ജോസഫ്, മേരിക്കുട്ടി മൈക്കിൾ, എന്നിവരുടെ ശ്രുതി മധുരമായ ഗാനങ്ങൾ ഏവരെയും ഹർഷ പുളകിതരാക്കി.

കനക ചിലങ്ക സ്കൂൾ ഓഫ് ഡാൻസ് അവതരിപ്പിച്ച അവതരിപ്പിച്ച ബോളിവുഡ് ഫ്യൂഷൻ ഡാൻസും ക്രിസ്റ്റലും

അലീനയയും ആഷ്‌ലിനും ചേർന്നവതരിപ്പിച്ച സംഘനൃത്തവും ഏവരുടെയും മനം കവർന്നു. ജോൺ കെ ജോർജും മേരിക്കുട്ടി മൈക്കിളും പരിപാടിയുടെ കോർഡിനേറ്റർമാരായി പ്രവർത്തിച്ചു.

സത്യ പ്രതിജ്ഞ ചടങ്ങിൽ ബോർഡ് ഓഫ് ട്രസ്റ്റീ മെമ്പറും മുൻ പ്രസിഡന്റുമായ ജോസ് മലയിലും ഉദ്ഘാടന ചടങ്ങിൽ ബോർഡ് ഓഫ് ട്രസ്റ്റി മെമ്പറും മുൻ പ്രസിഡന്റുമായ ലിജോ ജോണും സ്വപ്ന മലയിലും എം സി മാരായി പരിപാടികൾ നിയന്ത്രിച്ചു .

ബോർഡ് ഓഫ് ട്രസ്റ്റീ മെമ്പർമാരായ ആന്റോ വർക്കി, ജോസ് മലയിൽ, ഷാജിമോൻ വെട്ടം, കെ ജെ ഗ്രിഗറി, മേരി ഫിലിപ്പ്, ജോൺ കെ ജോർജ്, ലിജോ ജോൺ, റോയ് ആന്റണി എന്നിവരും മുൻ പ്രസിഡന്റുമാർ ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാന്മാർ മുതിർന്ന നേതാക്കന്മാരായ പോൾ പി ജോസ് എന്നിവരും

സോണൽ ഡയറക്ടർ ഷൈജു കളത്തിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ബെഞ്ചമിൻ ജോസഫ്, പ്രിൻസ് ജോസഫ് , ടോണി നമ്പിയാപറമ്പിലും

ചേർന്ന് ചടങ്ങുകൾക്ക് നേതൃത്വം നൽകി. ട്രഷറർ ജോർജ് തോമസ് ഏവർക്കും നന്ദി അർപ്പിച്ചു. ഡിന്നറോടുകൂടി പരിപാടികൾ സമാപിച്ചു .









FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# അഭിനയിക്കാൻ റെഡി; പക്ഷെ അഭിനയം അത്ര എളുപ്പമല്ലെന്ന് ഷാലു പുന്നൂസിന്റെ സാക്ഷ്യം



ഫിലഡൽഫിയ: പ്രസംഗിക്കുന്നത് പോലെ അത്ര എളുപ്പമല്ല അഭിനയം എന്ന് ഫോമാ പ്രസിഡന്റ് ഷാലു പുന്നൂസ് മനസിലാക്കിയത് കാമറയ്ക്കു മുന്നിൽ വച്ച്. അതുവരെ നല്ല ധൈര്യമായിരുന്നു. പക്ഷെ ക്യാമറ കണ്ടപ്പോൾ ധൈര്യം ചോർന്നു പോയി. 'വേദികളിൽ ഒക്കെ പ്രസംഗിക്കുമ്പോൾ യാതൊരു നാണവും ഇല്ലാത്ത എനിക്ക് ആദ്യത്തെ സീനിൽ നല്ല രീതിയിൽ പതറിപ്പോയി,' അമേരിക്കൻ മലയാളി ജീമോൻ ജോർജ് നിർമ്മിക്കുകയും അഭിനയിക്കുകയും ചെയ്യുന്ന 'ശുക്രൻ' എന്ന സിനിമയിലെ തന്റെ റോളിനെപ്പറ്റി ഷാലു പറയുന്നു.

ഷാലുവിന്റെ കഥാപാത്രം തമിഴ്നാട്ടിലെ ഒരു വ്യവസായിയാണ്. സ്വന്തമായി നിരവധി ലോറികൾ ഉണ്ട്. 'എന്റെ ലോറിയിൽ ഒരെണ്ണമാണ് കോട്ടയം നസീർ ഓടിക്കുന്നത്. ഒരു കൊലപാതവുമായി ബന്ധപ്പെട്ട് ലോറിയുടെ ഉടമയെ അന്വേഷിച്ച് തമിഴ്നാട്ടിൽ കേരള പോലീസ് എത്തുന്നതാണ് എന്റെ സീൻ.'




സംവിധായകന്റെയും കഥാകൃത്തിന്റെയും അതുപോലെ കാണികളുടെയും ഒക്കെ മുന്നിൽ പെട്ടെന്ന് അഭിനയിക്കാൻ തുടങ്ങിയപ്പോൾ പതറിപ്പോയി. 'എന്നാൽ രണ്ടാമത്തെ സീനിൽ ഞാൻ സ്വയം പറഞ്ഞു ജീവിതത്തിൽ ഒരിക്കൽ ലഭിക്കുന്ന അവസരമാണ് അത് പാഴാക്കരുത്. അങ്ങനെ പൂർവ്വാധികം ശക്തിയോടും ധൈര്യത്തോടും കൂടി ഞാൻ നല്ല രീതിയിൽ രണ്ടാമത്തെ ഷോട്ട് അഭിനയിച്ചു,' ഷാലു പറയുന്നു.

ഇനിയും അഭിനയിക്കാൻ റെഡി. പക്ഷെ അതിനായി സിനിമ നിർമ്മിക്കാനൊന്നും താല്പര്യമില്ല!

ശുക്രൻ നാട്ടിൽ റിലീസ് ചെയ്തു. തീയറ്ററുകളിൽ മികച്ച പ്രകടനമാണ് കാഴ്ച വച്ചത്


PLAN FOR PEACE OF MIND
Make your choices now
South Park
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com

# ആഘോഷമായ സൺഡേ നൈറ്റ് സൂപ്പർ ബൗളും കേരള റൈറ്റേഴ്സ് ഫോറത്തിന്റെ കഥാലോക സഞ്ചാരവും








ചെറിയാൻ മഠത്തിലേത്ത്

ഹൂസ്റ്റൺ: ലോകത്ത് എത്ര വ്യത്യസ്ത പുതുവത്സരങ്ങളുണ്ട്..? നിരവധി ഉണ്ടാവും. പുതുവർഷം സംബന്ധിച്ച് വ്യത്യസ്ത സമൂഹങ്ങൾക്കും വ്യത്യസ്ത സംസ്കാരങ്ങൾക്കും അവരുടേതായ സങ്കൽപ്പങ്ങളുണ്ട്. തീർച്ചയായും ഇവയ്ക്ക് ഒരു പ്രാദേശിക കാരണം ഉണ്ടായിരിക്കാം. പുരാണപരമോ, മതപരമോ, സാംസ്കാരികമോ, അല്ലെങ്കിൽ പരമ്പരാഗതമോ ആയ അടിസ്ഥാനത്തിലായിരിക്കും വ്യതിരിക്തമായ ഈ പുതുവർഷ ആചാരം രൂപപ്പെട്ടിട്ടുള്ളത്.

ദേശീയ ആഘോഷമായ 'സൺഡേ നൈറ്റ് സൂപ്പർ ബൗൾ' എല്ലാ വർഷവും ഫെബ്രുവരിയിൽ നടത്താറുണ്ട്. അമേരിക്കൻ നാഷണൽ ഫുട്ബോൾ ലീഗിന്റെ വാർഷിക ചാമ്പ്യൻഷിപ്പ് മത്സരമാണിത്. ഒരു സീസണിന്റെ അന്ത്യം കുറിക്കുന്ന ഈ ആഘോഷം ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് നടക്കുന്നത്. അമേരിക്കയിലെ ഏറ്റവും വലിയ കായിക ആഘോഷങ്ങളിൽ ഒന്നായി 'സൺഡേ നൈറ്റ് സൂപ്പർ ബൗൾ' കണക്കാക്കപ്പെടുന്നു. അതിനാൽത്തന്നെ ഭൂരിഭാഗം അമേരിക്കക്കാരും ഗെയിമിലും ഷോകളിലും അഭിരമിക്കുന്നതോടൊപ്പം പിസ, ചിപ്പ് ആൻഡ് ഡിപ്പ്, ഒരു പായ്ക്ക് ബിയർ എന്നിവയുമായി ആഘോഷം പൊലിപ്പിക്കുകയും ചെയ്യുന്നു.

അടുത്ത ദിവസം രാവിലെ 'മറ്റൊരു വർഷം', 'ഒരു പുതു വർഷം' തുടങ്ങുന്നു എന്ന് പറഞ്ഞാൽ അത് ശരിയാണോ..? അതെ, ഇത് വാലന്റൈൻ ദിനം, മാർഡി ഗ്രാ അല്ലെങ്കിൽ പ്രസിഡന്റിന്റെ ദിനം എന്നിവയോടെ ഒരു പുതിയ സീസൺ തന്നെ

ആരംഭിക്കുന്നു. ഒരു പുതിയ തുടക്കം. ഒരു പുതിയ സീസണിനായി, വസന്തത്തിന്റെ വരവിനായി കാത്തിരിക്കുന്ന നേരം.

ഈ പശ്ചാത്തലത്തിൽ, വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറം അംഗങ്ങൾ പതിവുപോലെ സ്റ്റാഫോർഡിലെ മസാല ഹട്ട് റസ്റ്റോറന്റിൽ ഫെബ്രുവരിയിലെ യോഗത്തിനായി വീണ്ടും ഒത്തുകൂടി. കഥയുടെ ലോകമായിരുന്നു, പ്രത്യേകിച്ച് 'ഷോർട്ട്-ഷോർട്ട് ഫിക്ഷൻ, അല്ലെങ്കിൽ സഡൻ ഫിക്ഷൻ അല്ലെങ്കിൽ ഫ്ഷാഷ് ഫിക്ഷൻ ആയിരുന്നു ചർച്ചാ വിഷയം.

കഥാ ലോകത്തിന്റെ വിശാലതയെ മുഴുവൻ ഉൾക്കൊള്ളുന്ന ചർച്ചകൾ സജീവമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ചിരുന്ന ആന്റൺ ചെക്കോവ്, ഗൈ ഡി മൗപാസന്റ്, ഒ. ഹെന്റി തുടങ്ങിയ കഥയെഴുത്തിന്റെ തലതൊട്ടപ്പൻമാരുടെ ക്ലാസിക് കഥകൾ റൈറ്റേഴ്സ് ഫോറം അംഗങ്ങൾ ഓർമ്മിച്ചെടുത്ത് സംസാരിച്ചു. തുടർന്ന് പഞ്ചതന്ത്രം കഥകളും ഈസോപ്പിന്റെ കഥകളും പരാമർശിക്കപ്പെട്ടു. സാരോപദേശ കഥകളുടെ ഉപജ്ഞാതാവും പുരാതന ഗ്രീക്ക് സാഹിത്യകാരനുമായിരുന്നു ഈസോപ്പ് എങ്കിൽ ജീവിത വിജയത്തിന് അത്യന്താപേക്ഷിതമായ ധർമതത്വങ്ങളും നീതിസാരങ്ങളും കഥാരൂപത്തിൽ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ









വിഷ്ണുശർമ എഴുതിയ ഗ്രന്ഥമാണ് പഞ്ചതന്ത്രം.

മലയാളസാഹിത്യത്തിലെ ആധുനികതയ്ക്ക് അടിത്തറ പാകിയ എഴുത്തുകാരനും കാർട്ടൂണിസ്റ്റും ചെറുകഥാകൃത്തും നോവലിസ്റ്റും കോളമിസ്റ്റുമായിരുന്ന ഒ.വി വിജയന്റെ 'കുറുക്കനും മുന്തിരിങ്ങയും' വായിക്കാത്തവരോ അറിയാത്തവരോ ആയി ആരുമുണ്ടാവില്ല. വിശന്നുവലഞ്ഞ ഒരു കുറുക്കൻ ഉയരത്തിൽ തൂങ്ങിക്കിടക്കുന്ന മുന്തിരിപ്പഴം പറിച്ചെടുക്കാൻ ശ്രമിക്കുകയും, പരാജയപ്പെടുമ്പോൾ ''ഈ മുന്തിരിങ്ങ പുളിക്കുന്നതാ...'' എന്ന് പറഞ്ഞ് സ്വയം സമാധാനിക്കുകയും ചെയ്യുന്നതാണ് ഇതിവൃത്തം. നമ്മുടെ കഴിവിനപ്പുറമുള്ള കാര്യങ്ങൾ നല്ലതല്ല എന്ന് ചിന്തിക്കരുത് എന്നാണ് ഈ കഥയുടെ ഗുണപാഠം.

അടുത്ത കഥ ഒ.വി വിജയന്റെ തന്നെ ഖസാക്കിന്റെ ഇതിഹാസം അവസാനിക്കുന്നിടത്തുനിന്നും തുടങ്ങുന്നു. ഒരു പ്രതികാരത്തിനായി കഥാപാത്രമായ രവി കഥാകൃത്ത് വിജയന്റെ അടുത്തേക്ക് ഒരു കൂട നിറയെ പാമ്പുകളുമായി വരുന്നു. 'മാഷേ ഒന്നു കാലു നീട്ട്' ഒരു ചെറിയ നർമ്മം! ചിന്തിപ്പിക്കുന്ന മറ്റൊരു ചെറിയ കഥയാണ് 'ദൈവവിവാദം'. രണ്ട് വിഡ്ഢികൾ ദൈവം ഉണ്ടോ ഇല്ലയോ എന്ന് നിരന്തരം തർക്കിച്ചുകൊണ്ടേയിരുന്നതിന്റെ കഥ. ഒരാൾ ദൈവത്തെ കണ്ടാൽ ഒന്നു കൊടുക്കും. മറ്റേയാൾ ഞാൻ സുവർണ്ണത്തേരിലേറ്റും. ഇടിമുഴക്കത്തെ ഒരാൾ തന്റെ പൊട്ടീരിന്റെ ശക്തിയായി കാണുമ്പോൾ ഈശ്വരവാദിക്ക് മിന്നൽ ഈശ്വരചൈതന്യം പോലും! വിഡ്ഢികളുടെ വിവാദം തുടർന്നുകൊണ്ടേയിരുന്നു.

തുടർന്നുള്ള മലയാള കഥാ

ചർച്ചയിൽ പോഞ്ഞിക്കര റാഫി, കാരൂർ നീലകണ്ഠപ്പിള്ള തുടങ്ങി മറ്റ് നിരവധി കഥാകൃത്തുക്കളുടെയും കൃതികൾ കടന്നുവരുന്നു. പ്രണയദിനത്തിനു മാറ്റുകൂട്ടുന്നതായിരുന്നു എ.സി ജോർജിന്റെ 'പ്രണയമണിക്കോവിലിൽ ഇണക്കുരുവികൾ' എന്ന കവിത.

'പ്രണയമണി കോവിലിൽ മധുരപ്രതീക്ഷയായ്

കാത്തിരിക്കും അനുരാഗ പ്രേമഭിക്ഷകൻ ഞാൻ...'

ഇതിന്റെ തുടർച്ചയെന്നോണം അവതരിപ്പിച്ച കവിതയാണ് ബാബു കുരൂരിന്റെ 'ഇരുളുകൾ തേടി'.

'ഹരിത ജലധിയെന്ന പോൽ

ഇളം കാറ്റിലുലയുന്നു നെൽച്ചെടികൾ...'


ഡോ.ജോസഫ് പൊന്നോലി, എ.സി.ജോർജ്, മാത്യു നെല്ലിക്കുന്ന്, ബാബു കുരൂർ, മോട്ടി മാത്യു, ജോസഫ് തച്ചാറ, സജി കൊല്ലന്തറ, ജോൺ മാത്യു, സുരേന്ദ്രൻ നായർ, ഡോളി കാച്ചപ്പിള്ളി, ചെറിയാൻ മഠത്തിലേത്ത്, ഗ്രേസി നെല്ലിക്കുന്ന്, ബോബി മാത്യു തുടങ്ങിയവർ സജീവമായ ചർച്ചയിൽ പങ്കെടുത്തു. റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ചെറിയാൻ മഠത്തിലേത്ത് യോഗത്തിൽ അധ്യക്ഷത വഹിച്ചു.


സാമൂഹിക പ്രവർത്തകനും റൈറ്റേഴ്സ് ഫോറത്തിന്റെ അഭ്യുദയകാംക്ഷിയുമായ തോളൂർ മാത്തുക്കുട്ടിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സാഹിത്യ സമ്മേളനത്തിന്റെ മോഡറേറ്റർ സുരേന്ദ്രൻ നായർ ആയിരുന്നു. റൈറ്റേഴ്സ് ഫോറത്തിന്റെ 22-ാം സമാഹാരം തയ്യാറായിട്ടുണ്ടെന്നും നാട്ടിൽ നിന്നുള്ള ഷിപ്പ്മെന്റ് എത്തുന്നതിനായി കാത്തിരിക്കുകയാണെന്നും പബ്ലിഷിംഗ് കോർഡിനേറ്റർ മാത്യു നെല്ലിക്കുന്ന് അറിയിച്ചു. സെക്രട്ടറി മോട്ടി മാത്യു നന്ദി പറഞ്ഞു.









Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# സാംസി കൊടുമണ്ണിന്റെ 'അടിമക്കണ്ണിന്റെ നാൾവഴികൾ'

## (ചില അനുബന്ധ ചിന്തകൾ)




**രാജു മൈലപ്രാ**

അമേരിക്കയിൽ, ഫെബ്രുവരി "Black History Month' ആയി ആഘോഷിക്കാറുണ്ട്. സത്യത്തിൽ, ഇതു കറുത്ത വർഗ്ഗക്കാരെ ആദരിക്കുവാനാണോ, അതോ അവഹേളിക്കാനാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. 'നിങ്ങൾ അന്നും ഇന്നും എന്നും അടിമകളായിരിക്കും' എന്ന സത്യം അവരുടെ മനസ്സിൽ ആണിയടിച്ച് ഉറപ്പിക്കുവാനുള്ള തന്ത്രപൂർവ്വമായ ഒരു ആചാരമാണോ ഇത്?

എന്റെ സുഹൃത്ത്, ശ്രീ. സാംസി കൊടുമണ്ണിന്റെ 'ക്രൈം ഇൻ 1619 അഥവാ അടിമക്കണ്ണിന്റെ നാൾവഴികൾ' എന്ന ചരിത്ര നോവൽ വായിക്കുവാൻ തുടങ്ങിയപ്പോൾ എന്റെ മനസ്സിൽ തോന്നിയ ഒരു സംശയമാണ് തുടക്കത്തിൽ സൂചിപ്പിച്ചത്.

അഞ്ഞൂറോളം പേജുകളിലായി നിറഞ്ഞു നിൽക്കുന്ന ഈ നോവൽ, അതിന്റെ പൂർണ്ണതയിലെത്തിക്കുവാൻ, ശ്രീ. സാംസി എത്രയധികം ഗവേഷണങ്ങളാണ് നടത്തിയിട്ടുള്ളത് എന്നു മനസ്സിലാക്കുമ്പോൾ അദ്ദേഹത്തോടുള്ള ആദരവിന്റെ അളവു കൂടുന്നു.

തികഞ്ഞ അന്വേഷണധ്വരയും, അർപ്പണബോധവും, ലക്ഷ്യത്തിലെത്തണമെന്ന ദൃഢനിശ്ചയവുമുള്ള ഒരു വ്യക്തിക്കു മാത്രമേ, ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം വായനക്കാരുടെ കൈകളിലെത്തിക്കുവാൻ കഴിയുകയുള്ളൂ.

'അടിമക്കണ്ണിന്റെ നാൾവഴികൾ' എന്ന ഈ നോവൽ ചരിത്രവും ഭാവനയും സംയോജിപ്പിച്ച് എഴുതിയിട്ടുള്ള ഒരു കൃതിയാണ്.

ഇതൊരു ആധികാരികമായ ചരിത്ര പഠനഗ്രന്ഥമല്ല. മറിച്ച്, ചരിത്രപരമായ സംഭവങ്ങളോടെ ആവുന്നടത്തോളം നീതിപുലർത്തിക്കൊണ്ട് എഴുതപ്പെട്ടിട്ടുള്ള ഒരു നോവലാണ്. ചരിത്രം മരവിച്ച രേഖകളല്ല, മറിച്ച് മനുഷ്യാനുഭവങ്ങളുടെ സജീവമായ ഒരു ഒഴുക്കാണ്, ഭാവനയുടെ അകമ്പടിയോടെ നമ്മുടെ മുന്നിൽ, നീർച്ചാലുകളായി ഒഴുകുന്നത്.

ഓരോ പേജുകൾ വായിക്കുന്തോറും, അടുത്ത അദ്ധ്യായത്തിൽ എന്താണെന്നറിയാനുള്ള ആകാംക്ഷ വായനക്കാരിൽ നിലനിർത്തുവാൻ ശ്രീ. സാംസിക്കു സാധിച്ചിട്ടുണ്ട്.

വർണ്ണ വിവേചനവും, വർഗ്ഗവിവേചനവുമാണ് ഈ നോവലിന്റെ ഇതിവൃത്തം. അനേക വർഷങ്ങളിലെ ത്യാഗങ്ങളിലൂടെ, യാതനകളിലൂടെ നമ്മുടെ പൂർവ്വികന്മാർ നേടിയെടുത്തെന്നു കരുതപ്പെടുന്ന ഈ സമത്വത്തിനും, സ്വാതന്ത്ര്യത്തിനും ഇന്നും അതിർ വരമ്പുകൾ ഉണ്ടെന്ന് വേണം സമകാലിക സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ മനസ്സിലാകുന്നത്.

ഇരുണ്ട ഭൂതകാലത്തിലേക്കുള്ള ഒരു മടക്കയാത്രയുടെ പാതയിലാണ് സാധരണ ജനങ്ങൾ.

'I can't breathe-' മുട്ടുകാലിനടിയിൽ ഞെരിയുന്ന കഴുത്തിൽ, പിട

യുന്ന ജീവന്റെ രോദനം ആയിരുന്നത്.-'

നോവലിന്റെ തുടക്കത്തിലെ ഈ ഒരു വാചകം മതി വായനക്കാരനെ മുന്നോട്ടു നയിക്കുവാൻ.

'പിറകിലേക്കു വിലങ്ങുവെച്ച കൈയ്യുടെ മീതെയായി വീണുപോയ ആറടിക്കാരന്റെ ഇരുനൂറ്റിയമ്പതു പൗണ്ട് ഭാരത്തിൽ അധികാരത്തിന്റെ കാൽമുട്ട് ഒരു ഇരപിടിയൻ കഴുതപ്പുലിയെപ്പോലെ ചിരിക്കുന്നു.

ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിൽ, തെരുവുകളിൽ സിഗരറ്റ് ചില്ലറ വില്പന നടത്തിയെന്ന 'ക്രൂരകൃത്യത്തിന്' പോലീസിന്റെ പിടിയിലായ എറിക് ഗാർനർ എന്ന കറുത്ത വർഗ്ഗക്കാരൻ പതിനൊന്നു തവണയാണ് ഈ വാചകം ആവർത്തിച്ചത്.

വിശപ്പു സഹിക്കവയ്യാതെ ഒരു കഷ്ണം അപ്പക്കഷ്ണം മോഷ്ടിച്ചുവെന്ന കുറ്റം ചാർത്തി, അട്ടപ്പാടിയിൽ മധുവെന്ന ഒരു ആദിവാസി യുവാവിനെ ആൾക്കൂട്ട വിചാരണ നടത്തി ഒരു പേപ്പട്ടിയെപ്പോലെ തല്ലിക്കൊന്ന സംഭവം ഇതോടെ ചേർത്തു വായിക്കാം.

അധികാരികളുടെ അനീതി ചോദ്യം ചെയ്താൽ, അതു ചെയ്യുന്നവന്റെ കുടുംബത്തെയുൾപ്പെടെ, വേരോടെ പിഴുതെറിയുന്ന ഒരു സംവിധാനമാണ് ഇന്ന് ലോകത്തെവിടേയും 'ജനാധിപത്യം' എന്ന ഓമനപ്പേരിൽ നിലനിൽക്കുന്നത്.


സാംസിയുടെ ഈ ചരിത്രനോവലിൽ നിന്നും മുറിച്ചു മാറ്റപ്പെടേണ്ടതായോ, കൂട്ടിച്ചേർക്കപ്പെടേണ്ടതായോ ഉള്ള വാക്കുകളോ വാചകങ്ങളോ ഒന്നുമില്ല. എല്ലാം ചേരേണ്ടിടത്ത് ചേരുംവിധം ഭംഗിയായി വിളക്കിച്ചേർത്തിരിക്കുന്നു. അറിവുകളുടെ ഒരു പുതിയ തലത്തിലേക്കു അവ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ധാരാളം ഉദാഹരണങ്ങൾ:

പ്രകൃതിയുടെ എല്ലാ ഭാവങ്ങളും നമ്മുടെ ആരാധനയുടെ മൂർത്തികളാണ്. തീയും, വെള്ളവും, വായുവും, ഇടിയും, മിന്നലും സൂര്യനുമൊക്കെ. അതിൽ പ്രധാനം അഗ്നിയാണ്. അഗ്നിയാണു നമ്മുടെ ദൈവം. നമ്മുടെ എല്ലാ ചടങ്ങുകൾക്കും തീ ഉണ്ടായിരുന്നു. പ്രതിഷേധത്തിന്റെ ആ തീപ്പൊരി കെടാതെ തലമുറകളിലേക്കവർ പകർന്നു.

അടിമയുടെ ജീവിതം എല്ലായിടത്തും ഒരു പോലെയാണ്. ഇവിടെ നിറത്തിന്റെ പേരിലെ വിഭാഗീയത, ഇന്ത്യയിൽ മതത്തിന്റെ പേരിലാണെന്നു മാത്രം.

ആയിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ടിൽ(1492), അന്റലാന്റിക് മഹാസമുദ്രത്തിൽ വഴിതെറ്റിവന്ന ഒരു കപ്പൽ, ലോകത്തിന്റെ മുഴുവൻ ജാതകം മാറ്റി എഴുതി.

കൊളംബസ് തുറന്ന കടൽപ്പാതകളിലൂടെ തീർത്ഥാടകരായി വന്നവർ രാജ്യത്തിന്റെ അവകാശികളായി. തദ്ദേശീയരായ റെഡ് ഇൻഡ്യൻസിനെ പാടേ നിരാകരിച്ച് ചരിത്രത്തിൽ നിന്നും പുറത്താക്കി. കൊളംബസ് ഈ നാട്ടിൽ ഇറക്കിയ വംശീജയതയുടെ വിത്തുകൾ ഇപ്പോഴും ഇവിടെ വിളയുന്നു.



എബ്രഹാം ലിങ്കൺ ഓർക്കപ്പെടുന്നത് എന്തിന്റെ പേരിലായിരിക്കും? ഒരു അടിമയുടെ നാവിൽ, ലിങ്കൺ അടിമകളുടെ വിമോചകനാണെങ്കിൽ, ഒരു സങ്കുചിത വെള്ളക്കാരന്റെ ചരിത്രബോദ്ധ്യത്തിലെ ലിങ്കൺ അവരുടെ വംശാധിപത്യത്തിന് തുരങ്കം പണിത കരിങ്കാലിയായി അടയാളപ്പെടുത്തും.

ഇൻഡ്യയിലെ അടിമ വ്യവസ്ഥ നിറത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിലും, അതിൽ നിറവും, ജാതിയും, ജാതിയിലൂടെ തൊഴിലും എല്ലാം കൂടി കലർന്ന ഒരു സങ്കീർണ്ണ വ്യവസ്ഥിതിയാണ്.

ഭയാനകവും, ക്രൂരവുമായ സത്യങ്ങൾ, സാംസി തന്റെ കഥാപാത്രങ്ങളിലൂടെ വെളിച്ചത്തു കൊണ്ടു വരുന്നു.

ഒരു പ്രവാചകന്റെ ദർശനത്തോടു കൂടിയാണ് ശ്രീ സാംസി കൊടുമൺ തന്റെ ബൃഹത്തായ നോവൽ അവസാനിപ്പിക്കുന്നത്.

'അമേരിക്കയുടെ മനസ്സിനെന്തു പറ്റി? അതു വർഗ്ഗീയതയുടെ പാതയിലേക്കു ചുവടു മാറ്റുകയാണോ?... ജോർജ് ഫ്ളോയിഡിന്റെ കഴുത്തിൽ അമർന്ന മുട്ടുകാലിന്റെ ഏഴു മിനിറ്റിൽ ഒത്തിരിയേറേ ആത്മാക്കളുടെ നിലവിളി കേൾക്കുന്നില്ലേ? ഇനി നീണ്ടു വരുന്ന അവരുടെ തോക്കുകളോ കാൽമുട്ടുകളോ നമ്മുടെ തലമുറകളുടെ നേരെ എന്നാണാവോ ഇറങ്ങി വരിക?

സമരങ്ങൾ തീരുന്നില്ല!'

മനുഷ്യ വർഗ്ഗത്തിന്റെ നന്മക്കുവേണ്ടി പ്രവർത്തിച്ച അനേകം വിശിഷ്ട വ്യക്തികളുടേയും, അതിനു തുരങ്കം വെക്കുവാൻ ശ്രമിച്ച മനസു കരിങ്കല്ലാക്കി മാറ്റിയ കിരാതന്മാരുടേയും രേഖാചിത്രങ്ങൾ നോവലിൽ ഉടനീളം വരച്ചു കാണിച്ചിരിക്കുന്നു.

എബ്രഹാം ലിങ്കണും, ജോൺ എഫ്. കെന്നഡിയും, മാർട്ടിൻ ലൂതർകിംഗും, മഹാത്മാഗാന്ധിയും തുടങ്ങി ജോർജ് വാലസ് വരെയുള്ളവരെക്കുറിച്ചുള്ള ഗവേഷണ പരാമർശങ്ങൾ ഈ ഗ്രന്ഥത്തെ തികച്ചും ഒരു 'ചരിത്ര നോവൽ' എന്ന പദവിയിലേക്കുയർത്തുന്നു.

'ക്ലാസിക്' വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന 'അടിമക്കണ്ണിന്റെ നാൾവഴികൾ' എന്ന ചരിത്രനോവൽ, ഏതെങ്കിലും ഒരു സാഹിത്യ സമ്മേളനവേദിയിലെ, മൂന്നു മിനിറ്റു നീളുന്ന ഒരു 'പ്രകാശന കർമ്മ' ത്തിൽ ഒതുക്കാവുന്നതല്ല.

കൂടുതൽ വായനക്കാരിലേക്കു ഈ ഗ്രന്ഥം എത്തിക്കുക എന്നൊരു കർത്തവ്യം, ഇവിടെയുള്ള മലയാള സാഹിത്യസംഘടനകൾ ഏറ്റെടുക്കുന്നത് അഭികാമ്യമായിരിക്കും.

ശ്രീ സാംസി കൊടുമണ്ണിലിന് നന്മകൾ നേരുന്നു!


SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
INFINITI
ACURA
Jeep
KIA
NISSAN
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ഡെലവെയർ വാലി സെന്റ് ജോൺസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ് വൻ വിജയം



ജിനേഷ് തമ്പി

ഡെലവെയർ വാലി (പെൻസിൽവേനിയ): മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ഡെലവെയർ വാലി സെന്റ് ജോൺസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. ‘കൃപയുടെ പാത്രങ്ങൾ‘ എന്നതാണ് ചിന്താ വിഷയം.

(2 തിമോത്തി 2:20-22 - എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ടു; ചിലതു മാന്യകാര്യത്തിന്നും ചിലതു ഹീനകാര്യത്തിന്നും ഉപയോഗിക്കുന്നു. ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന്നു ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന വിശിഷ്ട പാത്രം ആയിരിക്കും അതുകൊണ്ട് യൗവനമോഹങ്ങളെ വിട്ടോടുക; എന്നാൽ ശുദ്ധഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടു കൂടെ നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിന്തുടരുക).



കോൺഫറൻസ് പ്രചാരണത്തിന്റെ ഭാഗമായി ഡെലവെയർ വാലി സെന്റ് ജോൺസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ റിംഗിൾ ബിജു, സ്റ്റെഫനി ബിജു, അകില





സണ്ണി എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ വികാരി ഫാ. ടോജോ ബേബിയും ഇടവക കമ്മിറ്റിയും കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

പള്ളി സന്ദർശിച്ചതിനു നന്ദി പ്രകാശിപ്പിക്കുന്നതിനൊപ്പം, ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനായി ടീം അംഗങ്ങളുടെ സമർപ്പണത്തെയും, സേവനത്തെയും പ്രശംസിച്ച ഫാ. ടോജോ ബേബി, എല്ലാ ദേവാലയ അംഗങ്ങളേയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു

അസിസ്റ്റന്റ് ട്രഷറർ റിംഗിൾ ബിജു കോൺഫറൻസ് തീയതി, തീം, മുഖ്യ പ്രഭാഷകർ, സ്ഥലം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ പങ്കുവെച്ചു. കോൺഫറൻസിന്റെ രജിസ്ട്രേഷൻ ഫീസും സൈറ്റ് & സൗണ്ട് ഷോയെക്കുറിച്ചും റിംഗിൾ വിശദമായി സംസാരിച്ചു.

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

സ്പോൺസർഷിപ്പിനെ കുറിച്ച് ഫിനാൻസ് കമ്മിറ്റി അംഗം സ്റ്റെഫനി ബിജു വിശദമായി സംസാരിച്ചു. റാഫിൾ മാനേജർ അകില സണ്ണി ഈ വർഷത്തെ സുവനീറിനെക്കുറിച്ചും പങ്കെടുക്കുന്നവർക്ക് കോൺഫറൻസിനെ പിന്തുണയ്ക്കാൻ വ്യക്തിഗത അല്ലെങ്കിൽ ബിസിനസ്സ് പരസ്യങ്ങൾ നൽകാനുള്ള സാധ്യതകളെ കുറിച്ചും ഇടവക അംഗങ്ങളെ അറിയിച്ചു.

ടോജോ അച്ചന്റെയും ദേവാലയ അംഗങ്ങളുടേയും ഊഷ്മളമായ സ്വാഗതത്തിനും കോൺഫറൻസ് കമ്മിറ്റിയെ ദേവാലയം സന്ദർശിക്കാൻ അവസരം നൽകിയതിനും റിംഗിൾ ബിജു നന്ദി പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ ജോയ്

(കോൺഫറൻസ് കോർഡിനേറ്റർ): 973-489-6440

ജെയ്സൺ തോമസ്

(കോൺഫറൻസ് സെക്രട്ടറി)

917-612-8832

ജോൺ താമരവേലിൽ

(കോൺഫറൻസ് ട്രഷറർ)

917-533-3566


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com


Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# ഡാലസ് വലിയപള്ളിയിലെ ഓർത്തഡോക്സ് ക്രിസ്ത്യൻ യുവജന പ്രസ്ഥാനം (OCYM) സിൽവർ ജൂബിലി പ്രോജക്റ്റ് ബ്ലെസ് ഹോം മുഖേന കേരളത്തിൽ നാല് കുടുംബങ്ങൾക്ക് ഭവനസൗഭാഗ്യം

# കാരുണ്യത്തിന്റെ കൈത്താങ്ങ്



ജിനു കുര്യൻ പാമ്പാടി

ഡാലസ്: ഡാലസ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിലെ യുവജന പ്രസ്ഥാനം (O.C.Y.M)യുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ വെറും ആഘോഷമായി മാത്രം നടത്താതെ സാമൂഹിക പ്രതിബദ്ധതയോടെ മുന്നേറുകയാണ്. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രോജക്റ്റ് ബ്ലെസ് ഹോം ഭവനനിർമ്മാണ പദ്ധതി കേരളത്തിൽ കരുണയുടെയും സഹാനുഭൂതിയുടെയും ഉജ്ജ്വല മാതൃകയായി മാറിയിരിക്കുകയാണ്. സമൂഹത്തിലെ ഭവനരഹിതരായ കുടുംബങ്ങൾക്ക് ഒരു താമസസ്ഥലം മാത്രം അല്ല, ആത്മവിശ്വാസത്തോടെയും മാന്യതയോടെയും ജീവിക്കാനുള്ള സുരക്ഷിതമായൊരു ഭവനം സമ്മാനിക്കുകയെന്ന മഹത്തായ ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംരംഭം ഇതിനോടകം തന്നെ വലിയ സ്വീകാര്യതയും അഭിനന്ദനവും നേടി.

സിൽവർ ജൂബിലി ആഘോഷങ്ങൾ വെറും ആഘോഷമായി മാത്രം ഒതുങ്ങാതെ, സമൂഹത്തോടുള്ള ഉത്തരവാദിത്വബോധത്തിന്റെ മകുടോദാഹരണമായി ഈ സംരംഭം ഉയർന്ന് നിലകൊള്ളുകയാണ്. വിദേശത്ത് കഴിയുന്നുവെങ്കിലും ജന്മനാടിനോടുള്ള ആത്മബന്ധവും കടപ്പാടും മനസ്സിലാക്കി, സാമൂഹിക സേവനത്തിന്റെ വഴിയിൽ O.C.Y.M പ്രവർത്തകർ കൈകോർത്താണ് 'Project Bless Home" രൂപം കൊണ്ടത്. വിശ്വാസം പ്രവർത്തിയായി മാറുമ്പോൾ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റത്തിന്റെ സാക്ഷ്യമാണ് ഈ സംരംഭം.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നാല് വീടുകളുടെ നിർമ്മാണമാണ് പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനകം രണ്ട് വീടുകളുടെ താക്കോൽദാനച്ചടങ്ങുകൾ വിജയകരമായി പൂർത്തിയായി. കടമ്പനാട് പ്രദേശത്ത് റെവ. ഫാ. രഞ്ജു പി. കോശി അച്ചൻ സിബി എബ്രഹാമിന് പൂർത്തിയായ വീടിന്റെ താക്കോൽ കൈമാറി. അതുപോലെ, ചെങ്ങന്നൂർ നഗരത്തിൽ റെവ. ഫാ. വിമൽ മാമൻ ചെറിയാൻ അച്ചൻ പി. പി. നടേശന് പുതിയ ഭവനത്തിന്റെ താക്കോൽ നൽകി അനുഗ്രഹിച്ചു. ഈ ചടങ്ങുകൾ പ്രദേശവാസികൾക്കും വിശ്വാസികൾക്കും ആത്മീയമായും സാമൂഹികമായും ഏറെ ഉണർവും പ്രചോദനവും നൽകുന്ന സ്മരണീയമായ അവസരമായി മാറി.

മൂന്നാമത്തെ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിലെ മുങ്ങിയരിമയിൽ പുരോഗമിക്കുമ്പോൾ, നാലാമത്തെ വീടിന്റെ പണികൾ അടൂർ വെള്ളാംകുളംകര പ്രദേശത്ത് സജീവമായി നടക്കുന്നു. ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കിക്കൊണ്ട്, സമയബന്ധിതമായി എല്ലാ വീടുകളും പൂർത്തിയാക്കി









അർഹരായ കുടുംബങ്ങൾക്ക് കൈമാറാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഓരോ വീടും ഒരു കുടുംബത്തിന്റെ ജീവിതത്തിൽ സ്ഥിരതയും സുരക്ഷയും നിറഞ്ഞ പുതിയ അധ്യായത്തിന് തുടക്കമാകും എന്ന ആത്മവിശ്വാസത്തിലാണ് പ്രവർത്തകർ.

2024-ൽ രൂപീകൃതമായ സിൽവർ ജൂബിലി കമ്മിറ്റിയാണ് ഈ മഹത്തായ ഭവനനിർമ്മാണ സംരംഭത്തിന് നേതൃത്വം നൽകുന്നത്. വന്ദ്യ സി. ജി. തോമസ് കോർ-എപിസ്കോപ്പാ, റെവ. ഫാ. ബിനോയ് ജോർജ്, റെവ. ഫാ. ഡിജു സ്കറിയ, റെവ. ഫാ. ചാക്കോ ഐസക് എന്നിവർ ആത്മീയ മേൽനോട്ടം വഹിക്കുന്നതിനൊപ്പം, ജൂബിലി കമ്മിറ്റി കൺവീനർ ബിജു പൗലോസ്, ഷിജോ തോമസ്, ഷൈനു മാത്യു, ജോബി ജേക്കബ്, ബീനാ ഷിബു, രാജീവ് അനുപ്, അനീഷാ ജേക്കബ് എന്നിവരുടെ പ്രവർത്തനസഹകരണവും ഇടവകാംഗങ്ങളുടെ ഉദാരമായ പിന്തുണയും പദ്ധതിയുടെ വിജയത്തിന് അടിസ്ഥാനം ആയി. ഇടവകാംഗങ്ങൾ സാമ്പത്തികമായും പ്രാർത്ഥനാപൂർവ്വമായും നൽകിയ പിന്തുണ ഈ സംരംഭത്തെ കൂടുതൽ ശക്തമാക്കി.

സിൽവർ ജൂബിലിയുടെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെടുന്ന സുവനീറിന് പ്രിൻസ് എബ്രഹാം, സുനീ എബ്രഹാം എന്നിവർ നേതൃത്വം നൽകുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണത്തിലും ഏകോപനത്തിലും ജൂബിലി ആഘോഷങ്ങൾ ആത്മീയതയും സാമൂഹിക ഉത്തരവാദിത്വവും സമന്വയിപ്പിക്കുന്ന ഒരു അവിസ്മരണീയമായ പ്രസ്ഥാനമായി മാറുകയാണ്.



""Project Bless Home" ഒരു നിർമാണ പ്രവർത്തനം മാത്രമല്ല; അത് മനുഷ്യസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യവും വിശ്വാസത്തിന്റെ പ്രവൃത്തിപരമായ പ്രകടനവുമാണ്. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടപ്പിലാകുന്ന ഈ സംരംഭം ഡാലസ് വലിയപള്ളി O.C.Y.M ന്റെ സേവനമനോഭാവവും സമൂഹബാധ്യതയും പ്രതിഫലിപ്പിക്കുന്ന ഒരു പ്രകാശസ്തംഭമായി നിലകൊള്ളുന്നു. ഭവനമില്ലാത്തവർക്ക് ഒരു ഭവനം മാത്രം അല്ല, പ്രതീക്ഷയും ആത്മഗൗരവവും നിറഞ്ഞ ഒരു പുതിയ ജീവിതത്തിന്റെ വാതിൽ തുറക്കുകയാണ് ഈ കാരുണ്യ സംരംഭം.

സമൂഹനന്മയെ ലക്ഷ്യമാക്കി നടത്തുന്ന ഇത്തരം സേവന പ്രവർത്തനങ്ങൾ ഭാവിയിലും തുടരുമെന്ന ദൃഢപ്രതിജ്ഞയോടെ, സിൽവർ ജൂബിലി ആഘോഷങ്ങൾ വിശ്വാസത്തിന്റെയും സേവനത്തിന്റെയും ഉജ്ജ്വലവും മായാത്തതുമായ ഉദാഹരണമായി ചരിത്രത്തിൽ ഇടം നേടുന്നു.

# കുടിയേറ്റസഭയിൽ നിന്ന് തദ്ദേശീയ സഭയിലേക്ക് വിശ്വാസത്തിന്റെ പുതിയ ദിശകൾ തുറന്ന് ജൂബിലി വേദിയിൽ ബിഷപ്പ് ഏൾ കെ. ഫെർണാണ്ടസ്




ജോർജ് അമ്പാട്ട്

ചിക്കാഗോ: ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തുന്നതിനായി കൊളംബസ് രൂപതയുടെ മെത്രാനായ ബിഷപ്പ് ഏൾ കെ. ഫെർണാണ്ടസ് എത്തിച്ചേരുന്നു. അമേരിക്കയിലെ ഒരു ലാറ്റിൻ കത്തോലിക്കാ രൂപതയുടെ അധ്യക്ഷനാകുന്ന ആദ്യ ഇന്ത്യൻ വംശജനെന്ന ചരിത്ര നേട്ടം കൈവരിച്ച വ്യക്തിയായ അദ്ദേഹം, കുടിയേറ്റസഭയായി ആരംഭിച്ച വിശ്വാസസമൂഹം അമേരിക്കൻ മണ്ണിൽ തദ്ദേശീയ സഭയായി വളരേണ്ട ദിശകളെക്കുറിച്ചുള്ള തന്റെ ചിന്തകൾ പങ്കുവെക്കും.

1972 സെപ്റ്റംബർ 21-ന് ഒഹായോയിലെ ടോളിഡോയിൽ ജനിച്ച ബിഷപ്പ് ഫെർണാണ്ടസ്, മുംബൈയിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറിയ സിഡ്നി-തെൽമ ഫെർണാണ്ടസ് ദമ്പതികളുടെ അഞ്ച് മക്കളിൽ നാലാമനാണ്. തുടക്കത്തിൽ വൈദ്യശാസ്ത്രം പഠിക്കണമെന്ന ആഗ്രഹത്തോടെ യൂണിവേഴ്സിറ്റി ഓഫ് സിൻസിനാറ്റി കോളേജ് ഓഫ് മെഡിസിനിൽ രണ്ട് വർഷം പഠിച്ചെങ്കിലും പിന്നീട് ദൈവവിളി തിരിച്ചറിഞ്ഞ് സെമിനാരിയിൽ ചേർന്നു. റോമിലെ ആൽഫോൺസിയൻ അക്കാദമിയിൽ നിന്ന് മോറൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം, 2002 മെയ് 18-ന് സിൻസിനാറ്റി അതിരൂപതയ്ക്കായി വൈദികനായി പട്ടം സ്വീകരിച്ചു. 2022 മെയ് 31-ന് കൊളംബസ് രൂപതയുടെ പതിമൂന്നാമത് മെത്രാനായി അഭിഷിക്തനായപ്പോൾ അമേരിക്കയിലെ ഏറ്റവും പ്രായം കുറഞ്ഞ രൂപതാമെത്രാന്മാരിൽ ഒരാളായും അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു.

ഇംഗ്ലീഷിനൊപ്പം സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച് ഭാഷകളിൽ പ്രാവീണ്യമുള്ള ബിഷപ്പ് ഫെർണാണ്ടസ്, അമേരിക്കൻ കത്തോലിക്കാ മെത്രാൻ സമിതിയിലെ വിവിധ കമ്മിറ്റികളിൽ അംഗമായും വാഷിംഗ്ടൺ ഡി.സി.

യിലെ വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽ സേവനം അനുഷ്ഠിച്ചിട്ടുമുണ്ട്. ആത്മീയ വിഷയങ്ങളിലെയും ധാർമ്മിക ദൈവശാസ്ത്രത്തിലെയും ആഴമുള്ള അറിവും വ്യക്തമായ അവതരണശൈലിയും അദ്ദേഹത്തെ ശ്രദ്ധേയനായ പ്രഭാഷകനും എഴുത്തുകാരനുമായി മാറ്റിയിട്ടുണ്ട്.

2026 ജൂലൈ 10-ന് രാവിലെ 11:15-ന് ചിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന രജതജൂബിലി കൺവെൻഷനിൽ "How to evolve from a trans-plant to a fully native church" എന്ന വിഷയത്തിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും. കുടിയേറ്റസഭ എന്ന നിലയിൽ നിന്ന് അമേരിക്കൻ മണ്ണിൽ തദ്ദേശീയ സഭയായി സീറോ മലബാർ സമൂഹം വളരേണ്ട വഴികളെക്കുറിച്ചായിരിക്കും അദ്ദേഹത്തിന്റെ സന്ദേശം. ഈ സെഷനോടനുബന്ധിച്ച് വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന സംവാദ വേദിയും ഒരുക്കിയിട്ടുണ്ട്. വി. ജോർജ് മാളിയേക്കൽ മോഡറേറ്ററായി പ്രവർത്തിക്കുന്ന ഈ പാനൽ ചർച്ചയിൽ ഫാ. രാജീവ് വലിയവീട്ടിൽ, കമ്മ്യൂണിറ്റി ലീഡർ ആനി നെല്ലിക്കുന്നേൽ, ഫിസിഷ്യൻ ഡോ. മനോജ് അബ്രഹാം, പ്രൊഫസർ ഡോ. ജൈസി ജോസഫ്, കോളേജ് വിദ്യാർത്ഥിനി ജൊവാൻ ആന്റണി എന്നിവർ പങ്കെടുക്കും. തലമുറകൾക്കിടയിലെ വിശ്വാസാനുഭവങ്ങളും സമൂഹത്തിന്റെ ഭാവിദിശയും പങ്കുവെക്കുന്ന ആശയവിനിമയ വേദിയായിരിക്കും ഈ സംവാദം.

ജൂബിലി ആഘോഷങ്ങളോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ഈ അവസരത്തിൽ ആചരിക്കുന്നു. ചിക്കാഗോ നഗരഹൃദയത്തിലെ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലും അതിനോട് ചേർന്ന മൂന്ന് ഹോട്ടലുകളിലുമായാണ് നാല് ദിവസങ്ങളിലായി മഹാകൺവെൻഷൻ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ 25 വർഷങ്ങളിലായി അമേരിക്കയിൽ സീറോ മലബാർ സഭ കൈവരിച്ച ആത്മീയ വളർച്ചയും ദൈവകൃപയും ഓർക്കുന്നതിനൊപ്പം ഭാവിയെ വിശ്വാസത്തോടും പ്രതീക്ഷയോടെയും നോക്കിക്കാണാനുള്ള വേദിയായാണ് ഈ സംഗമം ഒരുക്കുന്നത്. വിശുദ്ധ കുർബാനയും ആരാധനയും, ആഴമുള്ള വിഷയാവതരണങ്ങളും കുടുംബ-യുവജന സെഷനുകളും സംഘടനാ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന പരിപാടികളാണ് കൺവെൻഷനിൽ ഒരുക്കിയിരിക്കുന്നത്.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിലായി കഴിയുന്ന എല്ലാ സീറോ മലബാർ വിശ്വാസികളും ഈ വിശ്വാസ സംഗമത്തിൽ പങ്കെടുക്കണമെന്ന് രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് തന്റെ സന്ദേശത്തിൽ അഭ്യർത്ഥിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുവാനും www.syroconvention.org സന്ദർശിക്കാവുന്നതാണ്




Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# അവതാര വരിഷ്ഠനായ ശ്രീരാമകൃഷ്ണൻ





**സുരേന്ദ്രൻ നായർ**

ബുദ്ധഭഗവാന്റെ ഹൃദയ നൈർമ്മല്യവും യേശുദേവന്റെ കരുണയും ശങ്കരാചാര്യരുടെ പ്രതിഭയും സമന്വയിച്ച സനാതനധർമ്മ സമുദ്ധാരകനായ ശ്രീരാമകൃഷ്ണ പരമഹംസരുടെ ജന്മജയന്തിയാണ് ഫെബ്രുവരി 19.

പൗരാണികമായ ഭാരതത്തിന്റെ ആധ്യാത്മികപാരമ്പര്യം തകർക്കുകയും യുക്തിരഹിതമായ പാശ്ചാത്യ അതിഭൗതികത അടിച്ചേൽപ്പിക്കുകയും എന്ന ലക്ഷ്യത്തോടെ ബംഗാളിൽ മെക്കാളെ പ്രഭുവിന്റെ പുതിയ വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ച 1836 ലെ ഫെബ്രുവരി 18 നാണ് പശ്ചിമ ബംഗാളിലെ കാമാൽപുക്കുർ എന്ന ഗ്രാമത്തിൽ ശ്രീരാമകൃഷ്ണൻ ഭൂജാതനായത്. മാതാപിതാക്കൾ നൽകിയ ആദ്യ നാമം ഗദാധരൻ എന്നായിരുന്നു.

ബ്രിട്ടീഷ് താത്പര്യ പ്രകാരം Downward Filtration Theory അനുസരിച്ചു തയ്യാറാക്കിയ 1835 ലെ മെക്കാളെ മിനിറ്റ്സ്

ഇംഗ്ലീഷ് ഭാഷയെ ബംഗാൾ പ്രവിശ്യയിലെ ഭരണഭാഷയാക്കിയും കോടതി വ്യവഹാര മാധ്യമമാക്കിയും 1836 ൽ ഈസ്റ്റിന്ത്യാ കമ്പനി വിജ്ഞാപനമിറക്കി. ഭാരതീയ വൈഞ്ജാനിക ചിന്താ പദ്ധതികൾക്ക് നാവ് നൽകിയ സംസ്കൃതവും പേർഷ്യൻ ഭാഷയായ അറബിയും അതോടെ രണ്ടാം സ്ഥാനത്താകുകയും പാശ്ചാത്യ ശാസ്ത്രവും സാഹിത്യവും തത്വചിന്തയും ഇംഗ്ലീഷിനു കല്പിച്ചുകിട്ടിയ മുഖ്യ ബോധന ഭാഷാ പദവിയിലൂടെ പ്രഥമ ശ്രേണിയിലെത്തുകയും ചെയ്തു. സനാതന ധർമ്മ സംഹിതകൾക്കും ഭാരതീയ ഭാഷകൾക്കും വലിയ വെല്ലുവിളികൾ ഉയർന്ന അതെ കാല

ത്തു നിയതിയുടെ നിയോഗത്താൽ അവതരിച്ചതുകൊണ്ടാണ് ശ്രീരാമകൃഷ്ണനെ വത്സല ശിഷ്യനായ വിവേകാനന്ദൻ അവതാര വരിഷ്ഠനെന്നു വിശേഷിപ്പിച്ചത്.

അദ്ധ്യാത്മികതയെ അന്യമാക്കി ആത്മാവ് നഷ്ടപ്പെടുത്തിയ പുതിയ ഔപചാരിക വിദ്യാഭ്യാസത്തിന്റെ പാത ഉപേക്ഷിച്ച ഗദാധരൻ ഹൃദയത്തിനു വെളിച്ചവും ജീവിതത്തിനു ശാന്തിയും നൽകുന്ന ജ്ഞാനപഥമാണ് പഠനമാർഗ്ഗമായി സ്വീകരിച്ചത്. ത്രിലോക പാപനാശിനിയും പുണ്യ പ്രവാഹിനിയുമായ മന്ദാകിനിയുടെ തീരത്തുള്ള ദക്ഷിണേശ്വരിലെ കാളിക്ഷേത്രത്തിലെ പൂജാരിയായി നിയമിതനായ ജ്യേഷ്ഠ സഹോദരൻ രാമകുമാരനോടൊപ്പം അനുജനും അവിടേക്കു താമസം മാറ്റുന്നു. അഭൗമമായ കാളി സാന്നിധ്യത്തിൽ ജനിമൃതികളുടെ ബാലപാഠങ്ങൾ ജഗദീശ്വരിയുടെ ഗുരുമുഖത്തുനിന്നുതന്നെ അഭ്യസിക്കുവാനുള്ള യോഗം ഒരു സിദ്ധിപോലെ അദ്ദേഹത്തിന് കരഗതമാകുന്നു. മെക്കാളെയുടെ പബ്ലിക് സ്കൂളുകൾക്കോ ആംഗലേയ സർവ്വകലാശാലകൾക്കോ നല്കാൻ കഴിയാത്ത പ്രാപഞ്ചിക രഹസ്യങ്ങളുടെ ഉരുക്കഴിക്കാനുള്ള വിദ്യയും ജീവന്റെ സഹജഭാവമായ ശാന്തിയും ആനന്ദവും അനായാസേന അനുഭവിക്കാനുള്ള ശേഷിയും ദേവീ മുഖതുനിന്നു ആ ബാലൻ നേടിയെടുത്തു. ബാലനിൽ നിന്നും ബലവാനിലേക്കുള്ള അദ്ദേഹത്തിന്റെ പരിവർത്തനത്തെ ശ്രീമദ് വിവേകാനന്ദ സ്വാമികൾ എന്ന ജീവചരിത്ര ഗ്രന്ഥമെഴുതിയ സിദ്ധിനാഥാനന്ദ സ്വാമി രേഖപ്പെടുത്തുന്നതിങ്ങനെ '' ബാലൻ ഭക്തനായി ; ഭക്തൻ തപസ്വിയായി; തപസ്വി സിദ്ധനായി; സിദ്ധൻ ബ്രഹ്മജ്ഞാനിയായി; ബഹ്മജ്ഞാനി പ്രവാചകനായി;

പ്രവാചകൻ ഈശ്വരനിൽ ലയിച്ചു; അവതാര പുരുഷനായി ''. ഇതൊക്കെ സംഭവിക്കുന്നത് ഒരു വ്യാഴവട്ടക്കാലത്തിനുള്ളിലാണ്.

കേവലം അഞ്ചു പതിറ്റാണ്ടുകൊണ്ടു ജന്മദൗത്യം പൂർത്തിയാക്കി മടങ്ങിയ പരമഹംസരുടെ

വീക്ഷണങ്ങൾ നാം കാണുന്നത് അക്കാദമിക് മികവിലൂടെയോ ബ്രഹത് രചനകളിലൂടെയോ അല്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പിടിമുറുക്കിയിരുന്ന ബംഗാളി സമൂഹത്തിൽ മിശിഹ വേഷത്തിലെത്തിയ നാസ്തികരും ഹിന്ദുക്കളുടെയിടയിൽ നിന്നുടലെടുത്ത ബ്രഹ്മസമാജം പോലുള്ള പരിഷ്കരണ പ്രസ്ഥാനങ്ങളും മത്സരിച്ചു സാമൂഹ്യ വിപ്ലവശ്രമങ്ങൾ തുടരുമ്പോളാണ് നിരുപാധിക ഇശ്വരപ്രേമത്താൽ ഭാവാവേശിതനായ ഒരു പൂജാരി ശ്രദ്ധേയനാകുന്നത്. ലൗകിക ഭോഗങ്ങൾ ഉപേക്ഷിച്ച ഏതാനും സന്യാസ സുഹൃത്തുക്കളുമായുള്ള അദ്ദേഹത്തിന്റെ സായംകാല സദ്സംഘങ്ങളാണ് വളരെ വേഗം വങ്ക ദേശത്തിന്റെ സാമൂഹ്യ സാംസ്കാരിക പരിസരങ്ങളെ പിടിച്ചുകുലുക്കിയത്. ഭക്തിയുടെ ഉന്മാദമായിമാത്രം ഈ നീക്കത്തെ വിലയിരുത്തിയ നാസ്തികരും വിദ്യാസമ്പന്നരുമായ വിവേകാനന്ദനെപ്പോലുള്ള യുവാക്കൾ തർക്കത്തിനും നേരമ്പോക്കിനുംവേണ്ടി ദക്ഷിണേശ്വരിൽ വന്നുതുടങ്ങുകയും പരമഹംസരിൽ ആകൃഷ്ടരാകുകയും ചെയ്യുകയാണുണ്ടായത്. പ്രതിദിന കൂടികാഴ്ചകളിൽ സുഹൃത്തുക്കളുമായി അദ്ദേഹം പങ്കുവച്ച സത്യങ്ങൾ പിൽക്കാലത്തു വിലപ്പെട്ട വേദാന്ത ദർശനങ്ങളായി ഭാരതം ഏറ്റെടുക്കുകയും ചെയ്തു.

വിമർശിക്കാൻ വന്ന വിവേകാനന്ദൻ തന്നെ ഏറ്റവും വലിയ പ്രചാരകനായി ആഗോള ശ്രദ്ധ നേടിയതും ചരിത്രം.

ശ്രീരാമകൃഷന്റെ ചരിത്രവും പ്രവചനസമാനമായ ഉദ്ബോധനങ്ങളും ശ്രീരാമകൃഷ്ണ കഥാമൃതമെന്ന പേരിൽ സമയക്രമസഹിതം അദ്ദേഹത്തിന്റെ പ്രിയശിഷ്യൻ മഹേന്ദ്രനാഥ് ഗുപ്ത (എം) ബംഗാളി ഭാഷയിൽ പലഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഗോസ്പൽ ഓഫ് രാമകൃഷ്ണ എന്നപേരിൽ അമേരിക്കയിലും ശ്രീരാമകൃഷ്ണ വചനാമൃതം ( മൂന്നു ഭാഗങ്ങൾ ) എന്ന പേരിൽ സ്വാമി സിദ്ധിനാഥാനന്ദ മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാരതത്തിന്റ ആധുനിക ആത്മതേജസ്സുകളിൽ അഗ്രിമ സ്ഥാനം അലങ്കരിക്കുന്ന പരമഹംസരുടെ വീക്ഷണം ഒരിക്കലും വ്യക്താധിഷ്ഠിത പ്രഘോഷങ്ങൾ അല്ല തത്വാധിഷ്ഠിതമാണ്. വചനാമൃതത്തിലെ സർവ്വമത സമന്വയം (Universalism) എന്ന ദർശനത്തിന്റെ പ്രവാചകനായാണ് ശിഷ്യൻ വിവേകാനന്ദൻ വിശ്വപ്രസിദ്ധനാകുന്നത്. '' യഥോ മത തഥോ പഥ'' (എത്ര ദൈവങ്ങളുണ്ടോ അത്രയും വഴികളുമുണ്ട് ) എന്നതാണ് സമന്വയം മുന്നോട്ടുവെക്കുന്നത്. ഒരു മതത്തെയും നിരാകരിക്കാത്ത ഈ രാമകൃഷ്ണ ദർശനം ആധുനിക മതേതരത്വത്തിന്റെ രഥ്യയായി സ്വീകരിക്കാവുന്നതാണ്. തുടർന്ന് അദ്ദേഹം പറയുന്ന ഇശ്വരസാക്ഷാൽക്കാരം (God Realization) മതങ്ങളെ ഭൗതിക വാദപ്രതിവാദ സംഘട്ടനങ്ങളിൽ നിന്നും വഴിമാറ്റി ഇശ്വരനിലേക്കു അടുപ്പിക്കുന്നു. അടുത്തത് സ്വാമി വിവേകാനന്ദനെ ഏറെ ആകർഷിച്ച ശിവജ്ഞാനേ ജീവസേവ എന്ന മാനവസേവ മാധവസേവ. എല്ലാ ജീവനിലും ശിവനെ (ഈശ്വരനെ) ദർശിക്കുന്ന വിശ്വസാഹോദര്യത്തിന്റെ വിസ്മയ മന്ത്രം.

പല നാളുകളായുള്ള സദ്സംഘങ്ങളിലെ ചോദ്യങ്ങളും ശ്രീരാമകൃഷ്ണൻ നൽകുന്ന മറുപടികളും എല്ലാക്കാലത്തേയും സത്യാന്വേഷികളുടെ വർത്തമാനവും ഭാവിയും തമ്മിലുള്ള ആശയ സംവാദങ്ങളായി നിലകൊള്ളുകതന്നെ ചെയ്യും.

മാനവരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ മഹിതങ്ങളായ ആശയങ്ങൾ സമ്മാനിച്ച മഹാരഥന്മാരെ മറന്നാൽ നമുക്ക് നഷ്ടപ്പെടുന്നത് നമ്മൾ ഉൾക്കൊള്ളുന്ന പ്രാണവായുവും നാളയുടെ കണ്ണിലെ വെളിച്ചവുമായിരിക്കും.

# നികേഷ് കുമാറിന്റെ ഏകാധിപത്യത്തിനെതിരെ സി.പി.എം സൈബർ ടീമിൽ കലാപം




എ.എസ് ശ്രീകുമാർ

നിയമസഭ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സി.പി.എം രൂപീകരിച്ച സൈബർ ടീമിലെ പൊട്ടിത്തെറിയെ തുടർന്ന് മുതിർന്ന മാധ്യമ പ്രവർത്തകർ ഒന്നടങ്കം കളം വിട്ടിരിക്കുന്നു. ടീമിന് നേതൃത്വം നൽകുന്ന മുതിർന്ന മാധ്യമ പ്രവർത്തകനും സി.പി.എമ്മിന്റെ സോഷ്യൽ മീഡിയ വിഭാഗത്തിന്റെ ചുമതലക്കാരനുമായ എം.വി നികേഷ് കുമാറിന്റെ താൻപ്രമാണിത്തത്തിലും ഏകപക്ഷീയ നിലപാടിലും പ്രതിഷേധിച്ച് മുതിർന്ന മാധ്യമപ്രവർത്തകരും ദേശാഭിമാനി മുൻ ന്യൂസ് എഡിറ്റർമാരുമായ കെ.വി സുധാകരൻ, കെ മോഹൻദാസ്, ഇ.എസ് സുഭാഷ് എന്നിവർ ടീം വിട്ടിരിക്കുകയാണ്. കെ.വി സുധാകരൻ വി.എസ് അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറിയായിരുന്നു.

അതേസമയം, സി.പി.എമ്മിന്റെ സൈബർ ഇടപെടലുകൾ പാളുന്നുവെന്ന അതൃപ്തി മുഖ്യമന്ത്രിയുടെ ഓഫീസിനു ഉണ്ടായിരിക്കെയാണ് പാളയത്തിലെ പട. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുൻനിര ചാനൽ ചർച്ചകളുടെ മാതൃകയിൽ സംവാദങ്ങൾ സംഘടിപ്പിക്കാൻ സി.പി.എമ്മിന്റെ സോഷ്യൽ മീഡിയ വിഭാഗം മുൻകൈയെടുത്താണ് സൈബർ ടീം രൂപീകരിച്ചത്. പഴയ എ.കെ.ജി സെന്ററിൽ വച്ച് ഇത്തരം സംവാദങ്ങൾ സംഘടിപ്പിച്ച്, പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. ചാനലുകളിൽ വരുന്ന സംവാദത്തിന്റെ മാതൃകയിൽ ഓരോ വിഷയത്തിലും അതിഥികളെ ക്ഷണിച്ച് സംവാദം നടത്തി, പാർട്ടി സാമൂഹിക മാധ്യമ വിഭാഗത്തിന്റെ വിവിധ ഘടകങ്ങൾക്ക് കൈമാറും. വ്യത്യസ്ത അഭിപ്രായങ്ങൾ പറയുന്നവരെ ചർച്ചയ്ക്ക് വിളിക്കുമെങ്കിലും പാർട്ടി വിരുദ്ധരെ ഒഴിവാക്കും. 'റിസർച്ച് എ ടോപ്പിക്' എന്ന പേരിലാണ് സംവാദങ്ങൾ നടത്തുക.

ചാനലുകൾ ചർച്ചയ്ക്കെടുക്കാത്ത വിഷയങ്ങൾ വിശദമായി ചർച്ചചെയ്ത് വ്യക്തത വരുത്തുക, പഴയ വീഡിയോ,

ഫോട്ടോ, പത്രവാർത്തകൾ എന്നിവ ഉപയോഗിച്ച് രാഷ്ട്രീയ ആരോപണങ്ങളുടെ മുനയൊടിക്കുക എന്നിവയാണ് ഈ ടീമിന്റെ ലക്ഷ്യം. കൂടാതെ തിരഞ്ഞെടുപ്പിനു മുന്നോടിയായി വികസനം, രാഷ്ട്രീയം, ട്രോൾ എന്നിങ്ങനെ തരംതിരിച്ച് പതിനായിരക്കണക്കിന് വീഡിയോകളും തയ്യാറാക്കുന്നുണ്ട്. ഇതിനായി റിപ്പോർട്ടർമാർ, കണ്ടന്റ് റൈറ്റർമാർ, വീഡിയോ എഡിറ്റർമാർ, ട്രോൾ നിർമാതാക്കൾ എന്നിവരടക്കം 45 പേരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. കവിയും കേരള സാഹിത്യ അക്കാദമി അധ്യക്ഷനുമായ കെ സച്ചിദാനന്ദന്റെ 'തുടർഭരണം ജനാധിപത്യത്തിന് അപകടമാണ്...' എന്ന വിവാദ വിമർശനത്തിന് തടയിടുന്ന സംവാദമാണ് പരിപാടിയുടെ ഭാഗമായി ആദ്യം നടത്തിയത്.

സി.പി.എമ്മിന്റെ സോഷ്യൽ മീഡിയ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനായാണ് നികേഷ് കുമാറിനെ ചുമതലയേൽപ്പിച്ചത്. മുഴുവൻസമയ മാധ്യമ പ്രവർത്തനം അവസാനിപ്പിച്ച് നികേഷ് കുമാർ പാർട്ടി പ്രവർത്തനത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴാണ് എ.കെ.ജി സെന്ററിൽ ഇത്തരമൊരു പദവി നൽകിക്കൊണ്ട് സി.പി.എം സൈബർ സംഘം പ്രവർത്തിച്ചിരുന്നത്. എന്നാൽ, നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ സമയം മുതൽ ഇപ്പോഴത്തെ മേഖല ജാഥ വരെയും സി.പി.എമ്മിന്റെ സൈബർ ഇടങ്ങളിലെ ഇടപെടൽ കാര്യക്ഷമമാകുന്നില്ലെന്ന തരത്തിൽ വിമർശനം വ്യാപകമായി ഉയർന്നിട്ടുണ്ട്.

ഇതിനിടെ, സൈബർ ടീമിന്റെ യോഗങ്ങളിൽ തങ്ങൾ മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങൾ എം.വി നികേഷ് കുമാർ പൂർണമായും അവഗണിക്കുന്നുവെന്നാണ് ടീം വിട്ട മുതിർന്ന മാധ്യമ പ്രവർത്തകരുടെ പരാതി. തങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കുകയോ നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടീമിൽ തുടരുന്നതിൽ അർഥമില്ലെന്ന നിലപാടാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. യുവനിരയിലെ പല അംഗങ്ങൾക്കും സമാനമായ അതൃപ്തിയുണ്ടെങ്കിലും തിരഞ്ഞെടുപ്പ് കാലത്ത് പാർട്ടി വിടുന്നത് വലിയ ചർച്ചകൾക്ക് വഴിവയ്ക്കുമെന്ന ഭയത്താൽ മാത്രമാണ് അവർ നിലവിൽ തുടരുന്നത്. ജൂനിയർ ജേർണലിസ്റ്റുകളെ മാനസികമായി തളർത്തുന്ന രീതിയാണ് നികേഷ്കുമാറിന്റേതെന്ന ആക്ഷേപവും അതിശക്തമാണ്.

പാർട്ടിയുടെ സൈബർ ഇടപെടലുകൾ ഇത്രകണ്ട് പിന്നോട്ട് പോയിട്ടില്ലെന്ന് മുഖ്യമന്ത്രി തന്നെ വിലയിരുത്തിയതായാണ് മനസിലാക്കുന്നത്. പാർട്ടിയുടെ രാഷ്ട്രീയ നിലപാടുകൾക്കനുസരിച്ചുള്ള പ്രതികരണങ്ങൾ സൈബർ ഇടങ്ങളിൽ ഉണ്ടാകുന്നില്ലെന്നാണ് പ്രധാന വിമർശനം. തദ്ദേശ തിരഞ്ഞെടുപ്പിൽ സൈബർ ടീമിന്റെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന ആരോപണം പാർട്ടിക്കുള്ളിൽ നേരത്തെ തന്നെ ഉയർന്നിരുന്നു. ശബരിമല സ്വർണക്കൊള്ളയും ഭരണ വിരുദ്ധ വികാരവും പ്രതിരോധിക്കാൻ സൈബർ ടീമിന് കഴിഞ്ഞില്ലെന്നും പാർട്ടി യോഗങ്ങളിൽ വിമർശനമുണ്ടായി. ഇടതു മുന്നണിയുടെ മേഖലാ ജാഥകൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതിൽ സൈബർ ടീം പരാജയപ്പെട്ടെന്ന ആരോപണവും നിലനിൽക്കുന്നു.

ഇതേത്തുടർന്ന് സൈബർ ടീമിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്താൻ പാർട്ടി തീരുമാനിച്ചിരുന്നു. ടീമിലെ മുതിർന്ന മാധ്യമ പ്രവർത്തകർ തങ്ങളുടെ അതൃപ്തി പങ്കുവച്ചിരുന്നു. സാധാരണക്കാരായ പാർട്ടി അനുഭാവികൾക്ക് പോലും കൃത്യമായ കണ്ടന്റുകൾ ലഭ്യമാകുന്നില്ല എന്ന പരാതിയും ഉയരുന്നുണ്ട്. കണ്ണൂരിൽ നിന്നും എം.വി നികേഷ് കുമാറിനെ എ.കെ.ജി സെന്ററിലേക്ക് കൊണ്ടുവന്നതും സൈബർ വിങ്ങിന്റെ ചുമതലയേൽപ്പിച്ചതും സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ താത്പര്യ പ്രകാരമായിരുന്നത്രേ.

മലയാള ദൃശ്യ മാധ്യമ രംഗത്തെ വാർത്താ അവതരണത്തിൽ പുതിയ ശൈലി കൊണ്ടുവരുന്നത് നികേഷ് കുമാറാണ്. 2024 ജൂൺ 25-നാണ് റിപ്പോർട്ടർ ടി.വി എഡിറ്റർ-ഇൻ-ചീഫായിരുന്ന എം.വി നികേഷ് കുമാർ 28 വർഷത്തെ സജീവ മാധ്യമ പ്രവർത്തനം അവസാനിപ്പിച്ചത്. സി.പി.എമ്മിൽ സജീവമായി പ്രവർത്തിക്കാനായിരുന്നു ഈ തീരുമാനം. സി.പി.എമ്മിന്റെ സ്വന്തം ചാനലായ കൈരളി ടി.വിയുടെ താക്കോൽ സ്ഥാനത്തെത്താനുള്ള നികേഷിന്റെ ശ്രമം പരാജയപ്പെട്ടിരുന്നു. 2016-ൽ തന്റെ പിതാവ് എം.വി രാഘവൻ മൽസരിച്ച് വിജയിച്ച അഴീക്കോട് നിയമസഭാ മണ്ഡലത്തിൽ നികേഷ് പോരാടിയെങ്കിലും പരാജയപ്പെട്ടു. ഇനി വരുന്ന തിരഞ്ഞെടുപ്പിൽ വിജയിച്ച് എം.എൽ.എ ആവുകയാണ് ഒരേയൊരു ലക്ഷ്യം. സീറ്റ് ലഭിച്ചില്ലെങ്കിൽ അത് നികേഷിന്റെ രാഷ്ട്രീയ ഭാവിക്ക് വലിയ തിരിച്ചടിയാവുകയും ചെയ്യും.

# ബ്രോങ്ക്സ് സെയിന്റ് തോമസ് സിറോ മലബാർ ദേവാലയത്തിൽ വിഭൂതി തിരുനാൾ ആചരിച്ചു : ഇനി നോമ്പിൻറെയും പശ്ചാത്താപത്തിന്റേയും അമ്പതു നാളുകൾ!



ഷോളി കുമ്പിളുവേലി

ന്യൂ യോർക്ക് : ബ്രോങ്ക്സ് സെയിന്റ് തോമസ് സിറോ മലബാർ കാത്തലിക് ഫൊറോനാ ദേവാലയത്തിൽ, അമ്പതു നോമ്പിന് തുടക്കം കുറിച്ച്കൊണ്ട്, ഫെബ്രുവരി 16-ാം തീയതി തിങ്കളാഴ്ച വിഭൂതി തിരുന്നാൾ ആചരിച്ചു. വൈകുന്നേരം ഏഴ് മണിക്കാരംഭിച്ച തിരുക്കർമ്മങ്ങൾക്ക് വികാരി റവ. ഫാ. കുര്യാക്കോസ് വടാന മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഫാ. സോജൻ ഐക്കരകുന്നേൽ എം.എസ്.റ്റി സഹകാർമ്മികനായിരുന്നു.

ലത്തീൻ ആരാധന രീതിയനുസരിച്ചു, ബുധനാഴ്ചയാണ് വിഭൂതി, എന്നാൽ പൗരസ്ത്യ സഭാ പാരമ്പര്യമനുസരിച്ചു തിങ്കളാഴ്ചയാണ് വിഭൂതിത്തിരുന്നാൽ ആചരിക്കുന്നതും, നോമ്പ് തുടങ്ങുന്നതും. കഴിഞ്ഞ വർഷത്തെ ഓശാന ഞായറാഴ്ചയിൽ വിശ്വാസികൾ കൈകളിലേന്തിയ കുരുത്തോലകൾ കത്തിച്ചാണ് വിഭൂതി തിരുന്നാളിനുള്ള ഭസ്മം തയ്യാറാക്കുന്നത്. നെറ്റിയിൽ അണിയുന്ന ചാരം വെറുമൊരു അടയാളമല്ല, 'മനുഷ്യൻ വെറും പൊടിയാണെന്നും, പൊടിയിലേക്കു' തന്നെ മടങ്ങുമെന്നുമുള്ള ഓർമ്മപ്പെടുത്തലാണ്. വിദ്വേഷം വെടിഞ്ഞും, വിനയത്തിന്റെയും അനുതാപത്തിന്റെയും മാർഗത്തിലൂടെ, ദൈവത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണ് അമ്പതു ദിവസത്തെ നോമ്പു കൊണ്ടുദ്ദേശിക്കുന്നത്. ഉയിർപ്പു തിരുന്നാളിലാണ് നോമ്പ് അവസാനിക്കുന്നത്.

ബ്രോങ്ക്സ് ഇടവകയിൽ, നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളും

വിശുദ്ധ കുർബാനയോടനുബന്ധിച്ചു കുരിശിൻറെ വഴിയും ഉണ്ടാകും.

ഉയർപ്പുതിരുന്നാളിനുള്ള ആത്മീയ ഒരുക്കത്തിനായി മാർച്ച് 27, 28, 29 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ, പ്രശസ്ത വചന പ്രഘോഷകൻ റവ. ഫാ. റോയ് ജോസഫ് കടുപ്പിൽ നയിക്കുന്ന ധ്യാനം ഉണ്ടായിരിക്കും. ധ്യാന ദിവസങ്ങളിൽ കുമ്പസാരത്തിലുള്ള അവസരവും

മാർച്ച് 29-ാം തീയതിയാണ് ഓശാന ഞായർ. രാവിലെ 9 മണിക്ക് കുരുത്തോല വിതരണത്തോടെ തിരുക്കർമ്മങ്ങൾ ആരംഭിക്കും. ഏപ്രിൽ രണ്ടാം തീയതി വൈകുന്നേരം 6 മണിക്ക് പെസഹാ ആചരിക്കും. ഏപ്രിൽ 3-ാം തീയതി, ദുഃഖവെള്ളിയാഴ്ച രാവിലെ 9 മണിക്കു ശുശ്രൂഷകൾ തുടങ്ങും. ഏപ്രിൽ 4-ാം തീയതി രാവിലെ 9 മണിക്ക് ആദ്യ ശനി ആചരിക്കും. വീടുകളിലേക്ക് പുതിയ വെള്ളവും, വെളിച്ചവും തിരുക്കർമ്മങ്ങൾക്കു ശേഷം വിതരണം ചെയ്യും.

ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് ഉയർപ്പുതിരുന്നാളിന്റെ തിരുക്കർമ്മങ്ങൾ (Easter Eve) ആരംഭിക്കും. ഏപ്രിൽ 5-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്കും വിശുദ്ധ കുർബ്വാന ഉണ്ടായിരിക്കും.

നോമ്പ് കാലത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു, ഉയർപ്പുതിരുന്നാളിന് വേണ്ടി ആത്മീയമായി ഒരുങ്ങുവാൻ എല്ലാ വിശ്വാസികളെയും വികാരി റവ. ഫാ. കുര്യാക്കോസ് വടാന ബ്രോങ്ക്സ് ദേവാലയത്തിലേക്ക് ക്ഷണിക്കുന്നു.











# സൗത്ത് ഇന്ത്യൻ യു.എസ് ചേംബർ ഓഫ് കൊമേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടറായി ശശിധരൻ നായരെ തിരഞ്ഞെടുത്തു




ഹൂസ്റ്റൺ: സൗത്ത് ഇന്ത്യൻ യു.എസ് ചേംബർ ഓഫ് കൊമേഴ്സിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി മുതിർന്ന ബിസിനസ് ലീഡറും ഫൊമയുടെ സ്ഥാപക പ്രസിഡന്റുമായ ശശിധരൻ നായരെ തിരഞ്ഞെടുത്തു.

1990-കളുടെ തുടക്കത്തിൽ തന്നെ ഹൂസ്റ്റണിൽ ബിസിനസ് സംരംഭങ്ങൾ വിജയകരമായി വിപുലീകരിച്ച ആദ്യകാല മലയാളികളിൽ ഒരാളാണ് ശശിധരൻ നായർ. ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ അങ്ങേയറ്റം ആദരിക്കപ്പെടുന്ന അദ്ദേഹം, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ (MAGH) പ്രസിഡന്റ്, ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, ബിൽഡിംഗ് കമ്മിറ്റി ചെയർ തുടങ്ങിയ വിവിധ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യൻ-അമേരിക്കൻ സമൂഹവും മുഖ്യധാരാ അമേരിക്കൻ സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

അമേരിക്കയിൽ ബിസിനസ് രംഗത്തേക്ക് കടന്നുവരാനും തൊഴിൽപരമായും വ്യക്തിപരമായും വിജയം കൈവരിക്കാനും നിരവധി പേർക്ക് അദ്ദേഹം മാർഗദർശിയായിട്ടുണ്ട്. ജീവകാരുണ്യ രംഗത്തും സജീവ സാന്നിധ്യമായ ശശിധരൻ നായർ, കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനുമായി നിരവധി സംഭാവനകൾ നൽകി വരുന്നു.ശശിധരൻ നായരുടെ നേതൃത്വം ചേംബറിന്റെ പ്രവർത്തനങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കാനും, സമൂഹത്തിന് പ്രയോജനപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാനും സഹായിക്കുമെന്ന് ചേംബർ പ്രസിഡന്റ് ഡോ. ജോർജ് കാക്കനാട്ട് പറഞ്ഞു.

അദ്ദേഹത്തിന്റെ ദീർഘകാലത്തെ ബിസിനസ് അനുഭവങ്ങളും സാമൂഹിക ഇടപെടലുകളും സംഘടനയ്ക്ക് മുതൽക്കൂട്ടാകുമെന്ന് വൈസ് പ്രസിഡന്റ് ജോമോൻ ഇടയാടിയിൽ തന്റെ ആശംസാസന്ദേശത്തിൽ അറിയിച്ചു. ശശിധരൻ നായരുടെ നേതൃത്വത്തിൽ ചേംബറിന് വൻ വളർച്ചയും സഹകരണവും സാധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേൽക്കുന്ന ശശിധരൻ നായരെ സൗത്ത് ഇന്ത്യൻ യു.എസ് ചേംബർ ഓഫ് കൊമേഴ്സ് സ്വാഗതം ചെയ്തു.


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഹൂസ്റ്റണിൽ മോഹൻലാൽ ലൈവ് സ്റ്റേജ് ഷോ: ''കിലുക്കം 25'' ഏപ്രിൽ 17, 2026 – ന് ഷുഗർലാൻഡിൽ വമ്പൻ സാംസ്കാരിക ആഘോഷം




ഹൂസ്റ്റൺ: ഇന്ത്യൻ സിനിമയുടെ ഇതിഹാസ നടൻ മോഹൻലാലിനെ ആദരിച്ച് സംഘടിപ്പിക്കുന്ന ''കിലുക്കം 25 : മോഹൻലാൽ ലൈവ് സ്റ്റേജ് ഷോ'' 2026 ഏപ്രിൽ 17-ന് ടെക്സസിലെ ഷുഗർലാൻഡിലുള്ള സ്മാർട്ട് ഫിനാൻഷ്യൽ സെന്ററിൽ വച്ച് നടക്കുമെന്ന് സംഘാടകർ അറിയിച്ചു. ഹൂസ്റ്റൺ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ പ്രീമിയം ലൈവ് സ്റ്റേജ് ഷോ, അമേരിക്കയിലുടനീളമുള്ള ആയിരക്കണക്കിന് ആരാധകരെ ഒരുമിച്ചു കൊണ്ടുവരുന്ന വൻ സാംസ്കാരിക ഉത്സവമായിരിക്കും.

ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ സംഘടിപ്പിക്കുന്ന ''കിലുക്കം 25'' , വിൻസർ ഹോം ലെൻഡിംഗിന്റെ സഹകരണത്തോടെയാണ് നടക്കുന്നത്.

വിൻസർ എന്റർടെയിൻമെന്റാണ് പരിപാടിയുടെ മാനേജ്മെന്റ്.

കിലുക്കം 25 മോഹൻലാൽ ലൈവ് സ്റ്റേജ് ഷോ''-യിൽ ഇന്ത്യൻ സിനിമയുടെ ഇതിഹാസ നടൻ മോഹൻലാലിനൊപ്പം മനോജ് കെ. ജയൻ, സ്റ്റീഫൻ ദേവസി, ജ്യോത്സ്ന, ഭാമ, നോബി, കുട്ടി അഖിൽ, അപർണ മൾബറി, രമ്യ, ബ്രൂസ് ലീ, ബാല മുരളി, ശ്യാം പ്രസാദ് എന്നിവരടങ്ങുന്ന താരനിര അണിനിരക്കും. സംഗീതം, നൃത്തം, കോമഡി, അഭിനയ വൈഭവം എന്നിവ ഒരുമിച്ചു ചേർന്ന ഒരു ഗ്രാൻഡ് ലൈവ് സ്റ്റേജ് ഷോ ആയിരിക്കും ഈ പരിപാടിയെന്ന് സംഘാടകർ അറിയിച്ചു.

സംഗീതസംവിധായകൻ സ്റ്റീഫൻ ദേവസി, മനോജ് കെ. ജയൻ ഉൾപ്പെടെയുള്ള പ്രമുഖ കലാകാരന്മാരുടെ പങ്കാളിത്തത്തോടെയും നടക്കുന്ന ഈ പരിപാടി, 2026 ഏപ്രിൽ 17-വെള്ളിയാഴ്ച വൈകിട്ട് 6:30-ന് ആരംഭിക്കും. അമേരിക്കയിലെ മലയാളികൾക്ക് ഒരിക്കലും മറക്കാനാകാത്ത സാംസ്കാരിക ആഘോഷമായി ഈ വേദി മാറുമെന്ന് സംഘാടകർ അറിയിച്ചു.

മലയാള സിനിമയുടെ അഭിമാനതാരമായ മോഹൻലാലിന്റെ കലാജീവിതം ആഘോഷിക്കുന്ന ഈ പരിപാടി, വിനോദം, സംസ്കാരം, സമൂഹസൗഹൃദം എന്നിവയുടെ മനോഹരമായ സംഗമമായി മാറും. ടെക്സസും സമീപ സംസ്ഥാനങ്ങളും ഉൾപ്പെടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളി സമൂഹത്തെ ഒരേ വേദിയിൽ ഒന്നിപ്പിക്കുന്ന പരിപാടിയായി ഇത് മാറുമെന്ന് സംഘാടകർ വ്യക്തമാക്കി.

ആധുനിക സൗകര്യങ്ങളോടുകൂടിയ, മികച്ച ശബ്ദ-ദൃശ്യ സംവിധാനങ്ങളുള്ള സ്മാർട്ട് ഫിനാൻഷ്യൽ സെന്ററിൽ ഏകദേശം 6,000-ത്തിലധികം പ്രേക്ഷകർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുടുംബങ്ങൾ, പ്രൊഫഷണലുകൾ, വ്യവസായികൾ, സമൂഹനേതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവരടങ്ങുന്ന വൈവിധ്യമാർന്ന പ്രേക്ഷകസമൂഹം ഈ പരിപാടിയുടെ പ്രത്യേകതയായിരിക്കും.

ഈ മഹത്തായ പരിപാടിയോടനുബന്ധിച്ച് വിവിധ സ്പോൺസർഷിപ്പ് പാക്കേജുകളും സംഘാടകർ പ്രഖ്യാപിച്ചിട്ടുണ്ട്. ടൈറ്റിൽ സ്പോൺസർ, പ്രെസന്റിംഗ് സ്പോൺസർ, മെഗ, പ്ലാറ്റിനം, ഗോൾഡ്, സിൽവർ തുടങ്ങിയ വിഭാഗങ്ങളിലായി വിവിധ ബജറ്റുകൾക്ക് അനുയോജ്യമായ അവസരങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

സ്റ്റേജ് ബ്രാൻഡിംഗ്, എൽഇഡി സ്ക്രീൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പ്രചാരണം, ബാനറുകൾ, സ്റ്റാളുകൾ, സുവിനിയർ പരസ്യങ്ങൾ, ടിക്കറ്റ് ബ്രാൻഡിംഗ്, സ്റ്റേജ് പരാമർശങ്ങൾ എന്നിവയിലൂടെ സ്പോൺസർമാർക്ക് വലിയ ദൃശ്യപ്രചാരവും ബ്രാൻഡ് അംഗീകാരവും ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.

പരിപാടിക്ക് മുൻപും ശേഷവും ഡിജിറ്റൽ മീഡിയയിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വ്യാപകമായ പ്രചാരണം നടത്തുമെന്നും, ഇതുവഴി സ്പോൺസർമാർക്ക് ദീർഘകാല ബ്രാൻഡ് ദൃശ്യത ഉറപ്പാക്കുമെന്നും സംഘാടക സമിതി വ്യക്തമാക്കി. സ്പോൺസർ ബൂത്തുകൾ, ഉൽപ്പന്ന പ്രദർശനങ്ങൾ, കോ-ബ്രാൻഡഡ് ഉള്ളടക്കങ്ങൾ തുടങ്ങിയവയിലൂടെ പ്രത്യേക ബ്രാൻഡ് ആക്ടിവേഷൻ അവസരങ്ങളും ഒരുക്കിയിട്ടുണ്ട്.

സ്പോൺസർഷിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും പങ്കാളിത്തത്തിനുമായി താൽപ്പര്യമുള്ളവർ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ഹൂസ്റ്റൺ, സ്പോൺസർഷിപ്പ് കമ്മിറ്റിയുമായി ബന്ധപ്പെടണമെന്ന് സംഘാടകർ അറിയിച്ചു.

ബന്ധപ്പെടേണ്ടവർ:

ഫാ. ഡോ. ഐസക് ബി. പ്രകാശ്

(വികാരി) (832) 9979788

ഫാ. ജോൺസൺ പുഞ്ചക്കോണം

(അസിസ്റ്റന്റ് വികാരി) (346) 3328889

ഫാ. ടെജി എബ്രഹാം

(അസിസ്റ്റന്റ് വികാരി) (469) 6442800

ശ്രീ. തോമസ് പണിക്കർ

(ട്രഷറർ) (832) 5393843

ശ്രീ. മനോജ് മാത്യു

(സെക്രട്ടറി) (281) 2260499

ഡോ. സക്കറിയ തോമസ് (ഷാജു)

(832) 6439942 (ജനറൽ കൺവീനർ)

മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക അഭിമാനവും ആഘോഷിക്കുന്ന ഈ മഹത്തായ പരിപാടി, അമേരിക്കയിലെ മലയാളികൾക്ക് ഒരിക്കലും മറക്കാനാകാത്ത അനുഭവമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA




60

# 'ചിക്കാഗോ എക്യൂമെനിക്കൽ കൗൺസിൽ ഭാരവാഹികൾ 2026'









പി ആർ ഓ :
ഡി. കുര്യൻ ജോർജ്,
ജോൺസൻ വള്ളിയിൽ.

2025-2026 വർഷ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം ചിക്കാഗോ മാർത്തോമാ ചർച്ചിൽ വച്ച് നടന്നു. കൗൺസിൽ പ്രസിഡന്റ് റവറന്റ് ഫാദർ തോമസ് മാത്യുവിന്റെ അഭാവത്തിൽ വൈസ് പ്രസിഡണ്ട് റവറന്റ് ബിജു യോഹന്നാൻ അധ്യക്ഷത വഹിച്ചു. വെരി റവറെന്റ് ഫാദർ മാത്യു കരുത്തലയ്ക്കൽ കോർ എപ്പിസ്കോപ്പ ധ്യാന പ്രസംഗം നടത്തി. പുതുവർഷത്തിൽ ദൈവത്തോട് കൂടെ ആയിരിപ്പാനും, വിനയം ഉള്ളവരായി സ്വയം അച്ചടക്കം പാലിച്ച്, മറ്റുള്ളവരിൽ നന്മ കാണുവാനും- ക്രിസ്തീയ ജീവിതത്തിൽ എളിമപ്പെട്ട്, വിശ്വാസത്തിന്റെ നാനാത്വത്തിൽ ഏകത്വമുള്ളവരായിരിക്കുവാനും കൗൺസിൽ അംഗങ്ങളെ പ്രബോധിപ്പിച്ചു.

സെക്രട്ടറി അച്ചൻ കുഞ്ഞ് മാത്യു 2025 ലെ റിപ്പോർട്ട് വിശദമായി അവതരിപ്പിച്ചു. ട്രഷറർ ജോർജ് മാത്യു ഓഡിറ്റെഡ് അക്കൗണ്ട് അവതരിപ്പിച്ചു. കാര്യവിചാരങ്ങൾക്ക് ശേഷം റിപ്പോർട്ടും അക്കൗണ്ട്സും പാസാക്കി.

പുതു വർഷത്തെ ചുമതലക്കാരായി താഴെ പറയും വിധം വ്യക്തികൾ ചുമതലകൾ ഏറ്റെടുത്തു.

പ്രസിഡന്റ്: റവ. ബിജു യോഹന്നാൻ- വൈസ് പ്രസിഡന്റ് വെരി റവ. ഫാദർ മാത്യു കരുത്തലയ്ക്കൽ കോർ എപ്പിസ്കോപ്പ-

സെക്രട്ടറി ബെഞ്ചമിൻ തോമസ്-

ജോയിന്റ് സെക്രട്ടറി ജാസ്മിൻ ഇമ്മാനുവൽ- ട്രഷറർ ജേക്കബ് കെ ജോർജ്- ജോയിന്റ് ട്രഷറർ ജോയ്സ് ചെറിയാൻ- യൂത്ത് ഫോറം റവറന്റ് ആശിഷ് തോമസ്, റോഡ്നി സൈമൺ, സിബി മാത്യു-

ഓഡിറ്റർ പ്രേംജിത്ത് വില്യംസ്- മീഡിയ& പബ്ലിസിറ്റി ഡി. കുര്യൻ പി ജോർജ്, ജോൺസൺ വള്ളിയിൽ.

പ്രാർത്ഥന ആശിർവാദത്തിന് ശേഷം ഡിന്നറോടെ മീറ്റിംഗ് അവസാനിച്ചു.


#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


Pravasi Channel
& eMalayalee
Presents
pravasi CHANNEL HD
emalayalee.com
American
News WEEK
Every Day
8am | 1pm | 5pm
and 8pm US EST
അമേരിക്കൻ
ന്യൂസ് വീക്ക്
എല്ലാ ദിവസവും